# അടിസ്ഥാനപാഠാവലി

# മലയാളം

സ്റ്റാൻഡേർഡ്

VI

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്

തയാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2016

KT 53-1/Malayalam-6(BT) Vol-1

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛലജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യ പൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്ന വരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram 695012, Kerala.
website : www.scert.kerala.gov.in
email : scertkerala@gmail.com
phone : 0471-2341883, Fax : 0471-2341869
First Edition : 2015, Reprint : 2016
Printed at : KBPS, Kakkanad, Kochi-30

പ്രിയ വിദ്യാർഥികളേ,

മലയാള ഭാഷയുടെ മധുരം നുകരാൻ നിങ്ങൾക്കായി ഒരുക്കിയതാണ് ഈ പാഠപുസ്തകം. നമ്മുടെ മാതൃഭാഷയെ ശ്രേഷ്ഠ ഭാഷകളിൽ ഒന്നായി ഭാരതസർക്കാർ അംഗീകരിച്ചിരിക്കുകയാണല്ലോ. അറിവിന്റെ ഉയരങ്ങൾ കീഴടക്കാൻ മാതൃഭാഷയിലൂടെ നമുക്ക് കഴിയും. മലയാളത്തിന്റെ വിപുലമായ സാഹിത്യസമ്പത്ത് നിങ്ങൾക്ക് സ്വന്തമാണ്. അത് ആസ്വദിക്കാനും അതിലേക്ക് സംഭാവന ചെയ്യാനും ഒരുങ്ങിക്കൊള്ളുക.

രസകരവും വിജ്ഞാനപ്രദവുമായ പാഠഭാഗങ്ങളിലേക്കു നിങ്ങളെ ക്ഷണിക്കുന്നു. നിങ്ങളുടെ ചിന്തയും ഭാവനയും ഉണർന്നിരിക്കട്ടെ. വായിക്കാനും എഴുതാനും തയാറാവുക.

സ്നേഹാശംസകളോടെ,

**ഡോ. പി. എ. ഫാത്തിമ**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

## ശില്പശാലയിൽ പങ്കെടുത്തവർ

- എം. ശ്രീഹർഷൻ, നമ്പ്രത്ത്കര യു.പി.സ്കൂൾ, കൊയിലാണ്ടി
- കെ. അബ്ദുൽകരീം, ബി.ആർ.സി, സുൽത്താൻബത്തേരി
- കെ. ശ്രീനിവാസൻ, ഗവ.എച്ച്.എസ്.എസ്, ഷിറിയ, കുമ്പള
- ജോസ് കോന്നാട്ട്, ഗവ. യു.പി.സ്കൂൾ, കല്ലാർ, മൂന്നാർ
- പി. ആർ. രാമചന്ദ്രൻ, റിട്ട. സീനിയർ ലക്ചറർ, ഡയറ്റ്
- പി. കെ. ജയരാജൻ, ബി.ആർ.സി, കാസറഗോഡ്
- പി. യഹിയ, ജി. വി. എച്ച്. എസ്, പയ്യാനക്കൽ, കോഴിക്കോട്
- മനോജ് പുളിമാത്ത്, ഗവ. എച്ച്.എസ്.എസ്, വെഞ്ഞാറമ്മൂട്
- വി. കൃഷ്ണാനന്ദ്, ഗവ.യു.പി. സ്കൂൾ, കടുങ്ങല്ലൂർ, മലപ്പുറം
- വി. ഹരിപ്രിയ, സെന്റ് പീറ്റേഴ്സ് എ.യു.പി.സ്കൂൾ, എരുത്തേൻപതി, പാലക്കാട്
- ഷിജുരാജൻ, ഗവ.യു.പി.എസ്, കക്കാട്

## ചിത്രരചന

- മദനൻ, ആർട്ട് എഡിറ്റർ, മാതൃഭൂമി, കോഴിക്കോട്
- ഡോ. സോമൻ കടലൂർ, സ്കൂൾ ഓഫ് ഫോക്‌ലോർ സ്റ്റഡീസ്, കോഴിക്കോട് സർവകലാശാല
- സുരേഷ് ചാലിയത്ത്, ഗവ.എച്ച്.എസ്. കുറുക, മലപ്പുറം
- രാജൻ കടലുണ്ടി, ഫറോക്ക്, കോഴിക്കോട്
- അഭിജിത്ത്. കെ.ആർ, നന്മണ്ട, കോഴിക്കോട്

## വിദഗ്ധപരിശോധന

- ഡോ. ജോർജ് ഓണക്കൂർ, മുൻഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിയ.
- ശ്രീ. പി. നാരായണമേനോൻ, റിട്ട. പ്രഫസർ, ശ്രീ കേരളവർമ്മ കോളേജ്, തൃശൂർ
- ഡോ. എൻ. മുകുന്ദൻ, മുൻ മേധാവി, മലയാളവിഭാഗം, കേരള സർവകലാശാല
- ഡോ. സി. നാരായണപിള്ള, റിട്ട. പ്രഫസർ, ഗവ. ട്രെയ്നിങ് കോളേജ്, തിരുവനന്തപുരം
- ഡോ. വിജയൻ ചാലോട്, എസ്.എസ്.എ, കണ്ണൂർ
- അജയൻ പനയറ, അസി. പ്രഫസർ, ഗവ. വിമൻസ് കോളേജ്, തിരുവനന്തപുരം

## അക്കാദമിക് കോഡിനേറ്റർ

- എം.സി. ജോസ്കുട്ടി, റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി. കേരളം


# ഉള്ളടക്കം


## 1 സ്നേഹസ്പർശം 7




- ഊഞ്ഞാൽപ്പാട്ട് .......................................... 9
- തേങ്ങ ........................................................ 12
- വേഗമുറങ്ങൂ ............................................... 19

## 2 കേരളീയം 27




- ജീവിതത്തിന്റെ ഉപ്പ്.................................. 29
- പുഞ്ച കൊയ്തേ, കളം നിറഞ്ഞേ ....... 34
- ഓണം അന്നും ഇന്നും ........................... 37

## 3 സ്വാതന്ത്ര്യംതന്നെ ജീവിതം 47



- ബാലലീല.................................................. 49
- അജയ്യതയുടെ പ്രതീകം.......................... 51
- തള്ളവിരലില്ലാത്ത ഗ്രാമം....................... 55



1

# സ്നേഹസ്പർശം

# സഹോദരശ്രുതി



സാഹോദര്യത്തിന്റെ സൗന്ദര്യം തുളുമ്പുന്ന ഒരു കഥ കേട്ടിട്ടുണ്ട്; രണ്ടു കർഷകസോദരരുടെ. വിവാഹിതനായ ഇളയ സോദരന് നാലഞ്ചു മക്കളുണ്ട്. ഒരു രാത്രി അവിവാഹിതനായ ജ്യേഷ്ഠന് അനുജന്റെയും കുടുംബത്തിന്റെയും ഭാവിയെപ്പറ്റിയാലോചിച്ച് ഉറക്കം വരുന്നതേയില്ല. "എന്റെ അനുജനും കുടുംബത്തിനും വേണ്ടത്ര വരുമാനമില്ല. അതുകൊണ്ട് അവനും കുടുംബവും ഭാവിയിൽ കഷ്ടപ്പെടും..." ഇതോർത്തപ്പോൾ ജ്യേഷ്ഠന് സങ്കടം വന്നു. അന്നു രാത്രി എല്ലാവരും ഉറങ്ങുന്ന നേരം നോക്കി തന്റെ പത്തായത്തിൽനിന്ന് മൂന്നുനാല് ചാക്ക് നെല്ലെടുത്ത് അനുജന്റെ പത്തായത്തിൽ കൊണ്ടുപോയിട്ടു.


അന്നു രാത്രിയിൽ അവിവാഹിതനായ ജ്യേഷ്ഠന്റെ ഭാവിയോർത്തിരുന്നിട്ട് അനുജന് ഉറക്കം വന്നില്ല. "എനിക്ക് മക്കളെങ്കിലുമുണ്ട്. ഏട്ടന് വയസ്സുകാലത്ത് ആരാണുണ്ടാവുക? വേണ്ടത്ര പണമുണ്ടെങ്കിൽ അതെങ്കിലുമൊരുപകാരമാവും." അന്നു രാത്രി അനുജൻ തന്റെ പത്തായത്തിൽനിന്ന് കുറേ നെല്ലെടുത്ത് ഏട്ടന്റെ പത്തായത്തിൽ കൊണ്ടുപോയി നിറച്ചു.

ഇത് ഇടയ്ക്കിടെ രണ്ടുപേരും പരസ്പരമറിയിക്കാതെ ചെയ്തുകൊണ്ടിരുന്നു. ഒരുദിവസം രാത്രി രണ്ടുപേരും ചാക്കുകളിൽ നെല്ലുമായി പത്തായപ്പുരയ്ക്കു നേരെ പോകുമ്പോൾ തമ്മിൽ കണ്ടുമുട്ടി..! അവരിരുവരും ഒന്നുമുരിയാടാനാവാതെ പരസ്പരം നോക്കി നിന്നു. അവരിരുവരുടെയും കണ്ണുകൾ നിറഞ്ഞൊഴുകി... ഇരുവരും മരിച്ചുപോയി. കാലമേറെ കഴിഞ്ഞു. ഇവരുടെ സഹോദരസ്നേഹത്തിന്റെ കഥ നാട്ടിലാകെ പരന്നു. ആയിടെ ഗ്രാമത്തിലൊരു ദേവാലയം പണിയാനുള്ള ആലോചന നടന്നു. അതിനു പറ്റിയ സ്ഥലമായി അവർ തിരഞ്ഞെടുത്തത് ഈ സോദരർ നെല്ലുചാക്കുമായി നടക്കുമ്പോൾ പരസ്പരം കണ്ടുമുട്ടിയ ആ സ്ഥലമായിരുന്നു.

(ജീവിതഗാനം) – പി.എൻ. ദാസ്

ദേവാലയം പണിയാൻ നാട്ടുകാർ തിരഞ്ഞെടുത്തത് സഹോദരങ്ങൾ കണ്ടുമുട്ടിയ ഇടമാണ്. എന്തുകൊണ്ട്?

# ഊഞ്ഞാൽപ്പാട്ട്




കുഞ്ഞുമോന്റെ തളിരിളം ചുണ്ടിൽ
കൊഞ്ചകൂമ്പിക്കുസൃതി വിരിഞ്ഞും
ചിറ്റുളിപ്പല്ലമർത്തിയെൻ തോളിൽ
കൊച്ചുപൂവിൻ പടങ്ങൾ വരഞ്ഞും
പിച്ചവച്ചു പിരണ്ടോടി വീണി-
ട്ടച്ഛനെ നോക്കിക്കണ്ണീർ പൊഴിഞ്ഞും
നിൽക്കുമോമനക്കണ്ണാ, നീ നിൽക്കൂ
അച്ഛനെത്തട്ടെ നിന്നരികത്തിൽ
നിൽക്കുമോമനച്ചന്തമേ, നിൽക്കൂ
അച്ഛനീയുടുപ്പൊന്നു മാറ്റട്ടെ.
ഉഷ്ണമാണെന്റെ മക്കളേ ദേഹ-
ത്തുപ്പുനാറും, തുടച്ചിട്ടെടുക്കാം.
ഗീതമോളോടിയെത്തിക്കഴുത്തിൽ
താമരത്തണ്ടെറിഞ്ഞു കുനിച്ചു
നെറ്റിയിൽ നീറിനിൽക്കുമഴുക്കി-
ന്നിറ്റുകൾ കുഞ്ഞിച്ചുണ്ടാൽ തുടപ്പൂ.
ചെറ്റകന്നു നിറഞ്ഞു തുളുമ്പി
നിൽക്കയാണൊരു പ്രാർഥനാനാളം.
കാറ്റിനെന്തു സുഗന്ധം, കറുത്ത
തൂവൽ ചിക്കിക്കുയിലു പാടുന്നു.
കൊച്ചുപൂമ്പാറ്റ പുള്ളിച്ചിറകാൽ
കറ്റനാമാഴിക്കക്കരയെത്തി
ഓളമെല്ലാമൊരുകുലപ്പൂവായ്
താളമായൊളിപ്പൂൺപായ് വിരിഞ്ഞു.
ഉണ്ണിമോഹങ്ങൾ തുള്ളിക്കളിക്കും
മണ്ണിലെ നറുംകൗതുകത്തിന്റെ
ഉള്ളിനുള്ളിലെ തേൻതുള്ളിയായ് ഞാ-
നൂറിനിൽക്കുന്നൊരു ഞൊടിനേരം.

(പുരുഷസൂക്തം)

– കടമ്മനിട്ട രാമകൃഷ്ണൻ

## ഈണത്തിൽ വായിക്കാം

- കവിത ഈണത്തിൽ വായിക്കൂ.

## കണ്ടെത്താം, പറയാം

- അച്ഛനെ കണ്ടപ്പോൾ കുട്ടികൾ സന്തോഷം പ്രകടിപ്പിക്കുന്നത് എങ്ങനെയെല്ലാമാണ്?
- "ചിറ്റുളിപ്പല്ലമർത്തിയെൻ തോളിൽ
  കൊച്ചുപൂവിൻ പടങ്ങൾ വരഞ്ഞും"
  കൊച്ചുകുട്ടികൾ എങ്ങനെയെല്ലാമാണ് സ്നേഹപ്രകടനം നടത്താറുള്ളത്?
- "കഴുത്തിൽ താമരത്തണ്ടേറിഞ്ഞു."
  ഇവിടെ 'താമരത്തണ്ട്' എന്നതുകൊണ്ട് കവി എന്താണ് ഉദ്ദേശിക്കുന്നത്?
- മക്കളുടെ സ്നേഹം അച്ഛന് എന്തെല്ലാം അനുഭവങ്ങൾ നൽകുന്നു?

## വിശകലനം ചെയ്യുക

- "ഉഷ്ണമാണെന്റെ മക്കളേ ദേഹ-
  ത്തുപ്പുനാറും, തുടച്ചിട്ടെടുക്കാം."
  അച്ഛനിങ്ങനെ പറയാൻ കാരണമെന്ത്?
- 'പ്രാർഥനാനാളം' എന്ന പദംകൊണ്ട് കവി ഉദ്ദേശിക്കുന്നതാരെ? എന്തുകൊണ്ടാണ് ഈ പദം തന്നെ ഉപയോഗിച്ചത്?
- "കൊച്ചുപൂമ്പാറ്റ പുള്ളിച്ചിറകാൽ
  കറ്റനാമാഴിക്കക്കരെയെത്തി"
  വരികളിലെ ആശയം വിശദമാക്കുക.

## പ്രയോഗഭംഗി കണ്ടെത്താം

- പിരണ്ടോടി വീണു, ഉള്ളിന്നുള്ളിലെ തേൻതുള്ളി, ഓമനച്ചന്തം-
  ഇതുപോലെ കവിതയിലെ സവിശേഷപ്രയോഗങ്ങൾ കണ്ടെത്തി കവിതയ്ക്ക് ഇവ നൽകുന്ന സൗന്ദര്യം വിശദമാക്കുക.

## കവിതയും ചിത്രവും

- കവിതയോടൊപ്പം കൊടുത്ത ചിത്രം ശ്രദ്ധിച്ചല്ലോ. ഇതിനെ കവിതയിലെ ആശയവുമായി എങ്ങനെ ബന്ധിപ്പിക്കാം? ചർച്ചചെയ്യൂ.

## പദച്ചേർച്ച

നിൽക്കുമോമനക്കണ്ണാ → നിൽക്കും, ഓമന, കണ്ണാ

ഗീതമോൾ, ഓടി, എത്തി → ..........................................

ഓളമെല്ലാമൊരുകുലപ്പൂവായ് → ........................., ........................., .........................

കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തിയെഴുതുക.

## ഉചിതമായ ഈണം കണ്ടെത്താം

- ‘ഊഞ്ഞാൽപ്പാട്ട്’ എന്ന കവിത ഭാവമുൾക്കൊണ്ട് സംഘങ്ങളായി ചൊല്ലിനോക്കൂ. യോജിച്ച ഈണം കണ്ടെത്തുമല്ലോ.
  - * അക്ഷരസ്ഫുടത
  - *
  - *
  - *

  മികച്ചത് ക്ലാസിൽ അവതരിപ്പിക്കുക.

### അധികവായനയ്ക്ക്

‘അച്ഛന്’ - വിജയലക്ഷ്മി (‘മഴയ്ക്കപ്പുറം’ എന്ന സമാഹാരം)
ആത്മാവിലൊരു ചിത - വയലാർ രാമവർമ്മ
ഉപ്പ - കുരീപ്പുഴ ശ്രീകുമാർ



# തേങ്ങ

അക്കമ്മ ഉറക്കത്തിലാണ്. ഇന്നു വൈകുന്നേരമാണ് അവൾ ഇവിടെ എത്തിയത്. നാടോടികളും വഴിവാണിഭക്കാരും മലയാളത്താന്മാരുടെ നാട്ടുപണികൾക്ക് വരുന്നവരും പെട്ടി-ഭാണ്ഡങ്ങളും അലുമിനിയപ്പാത്രങ്ങൾ നിറച്ച വലിയ ചാക്കുകെട്ടുകളും കുരങ്ങനും കുട്ടികളും  തത്തക്കൂടും എല്ലാം കുത്തിനിറച്ച ഒരു ബസ്സ് പട്ടണത്തിൽ വന്നുനിന്നു. മയിലെണ്ണ വിൽക്കുന്ന ശങ്കരനും തോട്ടം കിളയ്ക്കുന്ന കാളിമുത്തുവും

അവളുടെ അയൽക്കാരാണ്. അതുകൊണ്ട് അപരിചിതമായ നഗരം അവളെ തെല്ലും ഭയപ്പെടുത്തിയില്ല. പിന്നീട് അക്കമ്മയും ശങ്കരനും മറ്റൊരു വൃത്തിയുള്ള ബസ്സിൽ കയറി. കല്യാണവേഷത്തിൽ കയറുന്ന പെണ്ണുങ്ങളെക്കൊണ്ടും അലക്കിത്തേച്ച സൂട്ട് ധരിച്ച ആണുങ്ങളെക്കൊണ്ടും ബസ്സ് നിറഞ്ഞു. വണ്ടിയിലെ ആളുകളെ അവൾക്കു നന്നേ പിടിച്ചു. പലരും സിനിമയിൽനിന്ന് ഇറങ്ങിവന്നവരാണോ എന്നുപോലും അവൾ സംശയിച്ചു.

അടുത്തിരുന്ന അക്കമ്മയോട് ശങ്കരണ്ണൻ പറഞ്ഞു: "പേടിക്കേണ്ട, നല്ല ആൾക്കാരാണ്. അഞ്ചാംക്ലാസിൽ പഠിക്കുന്ന ഒരാൺകുട്ടിയുണ്ട്. നിന്റെ പ്രായം. അവനൊരു ചേച്ചിയുണ്ട്. കോളേജിലെത്തി. പിന്നെ അമ്മ, അച്ഛൻ ദൂരെയാണ്. എല്ലാ പണിക്കും യന്ത്രങ്ങളുണ്ട്."

പണി അവൾക്കു പ്രശ്നമല്ലായിരുന്നു. പണിചെയ്തു ജീവിക്കാനാണല്ലോ അവളെ അപ്പനും അമ്മയും പറഞ്ഞുവിട്ടിരിക്കുന്നത്. പകൽ അപ്പന്റെ കൂടെ, വീടുവിട്ടിറങ്ങി, തോപ്പിൽ ഹോസ് വച്ചു നനയ്ക്കാൻ അപ്പനെ അവൾ സഹായിക്കാറുണ്ടായിരുന്നു. അപ്പനവൾക്ക് കുഴലപ്പവും ചായയും മേടിച്ചു കൊടുത്തിരുന്നു. അപ്പനെ ഓർത്ത് അവൾ മെല്ലെ കരഞ്ഞു, ശങ്കരണ്ണനറിയാതെ.

ബംഗ്ലാവിലെത്തിയപ്പോൾ അവൾ അതിശയിച്ചുപോയി. കൊട്ടാരം തന്നെ! എത്ര ജനലുകൾ! എത്ര മുറികൾ! മുഖം കണ്ടു തറയിലൂടെ നടക്കാം. തറയും ജനൽച്ചില്ലുകളും ചുമർക്കണ്ണാടികളും മേശപ്പുറങ്ങളും അവളുടെ മുഖം കാണിച്ചുകൊടുത്തു. കണ്ടോ, നിന്റെ മുഖം എങ്ങനെയിരിക്കുന്നു! അവളുടെ സ്വന്തം കുടിലിൽ മൺചുമരിൽ പതിച്ചു വച്ച ഒരു കണ്ണാടിക്കഷണമാണ് അവളെ മുഖം കാണിച്ചിരുന്നത്. പിന്നെ തോപ്പിലെ വലിയ വാട്ടർടാങ്കിലേക്ക് വെള്ളം കയറ്റിവിടുന്ന കുളം. കുളം, ഒരു പച്ചക്കണ്ണാടിയായിരുന്നു. വെള്ളത്തിന്നടിയിൽ ഒരു വെളുത്ത പാടയുണ്ട്. ഇടയ്ക്ക് വെള്ളം പാലിറ്റിവീണതുപോലെ കലങ്ങി. ഒരു തെളിഞ്ഞ മുഖം കാണാൻ അവൾക്കു കഴിഞ്ഞിരുന്നില്ല. കവിളിൽ കാണപ്പെട്ട കണ്ണീരുണങ്ങിയ നൂൽച്ചാല് കണ്ടു. അവൾ പാവാടത്തുമ്പുയർത്തി അമർത്തിത്തുടച്ചു. അപ്പോഴാണ് പണ്ടങ്ങളണിഞ്ഞ്, മേക്കപ്പ് ചെയ്ത് വീട്ടമ്മ ഉമ്മറത്ത് പ്രത്യക്ഷപ്പെട്ടത്. അവരുടെ മുഖം തെളിഞ്ഞു.

"അവസാനം നീ വാക്കുപാലിച്ചു, അല്ലേ ശങ്കരാ?" ശങ്കരണ്ണനു ചായയും പുട്ടും ഒരു കടലാസുപ്ലേറ്റിൽ കൊണ്ടുവന്നു കൊടുത്തു. പിന്നെ പാലൊഴിച്ച ചായയും.

ചായ കുടിക്കാനിരിക്കും മുമ്പ് ശങ്കരണ്ണൻ പറഞ്ഞു:

"അകത്തേക്ക് ചെല്ല്!"

അവൾ അടിവച്ച് വീട്ടമ്മയ്ക്കൊപ്പം അകത്തെത്തി. അവർ ഒരു തോർത്തും സോപ്പും നൽകി അവളോടു പറഞ്ഞു:

"ആദ്യം മുറ്റം തൂക്കണം. പിന്നെ കുളിമുറിയിൽ ചെന്ന് കുളിച്ച് ഉടുപ്പു മാറ്റി വരൂ." ഒരു പഴയ മാക്സിയും അടിയുടുപ്പും അവർ അക്കമ്മയ്ക്കു നീട്ടി. മാക്സി, ഇവിടത്തെ ചേച്ചിയുടെ കുട്ടിക്കാലത്തേതായിരിക്കുമെന്ന് അവൾക്ക് എളുപ്പം മനസ്സിലായി. അതിൽ നിന്ന് സുഗന്ധം ഒരു മൂളിപ്പാട്ടുപോലെ ഉയരുന്നുണ്ട്. വീടിന്റെ പിറകുവശത്തെ കുളിമുറിയിലേക്കു നടക്കുമ്പോഴാണ് തെങ്ങിൻതോപ്പ് അവളുടെ കണ്ണിൽ തടഞ്ഞത്! കടവുളെ, എത്രയെത്ര തെങ്ങുകൾ, ഒരു വലിയ പന്തലിട്ടതുപോലെ! ഉയരത്തിൽ. ഇത്തരമൊന്ന്

അവൾ ജീവിതത്തിൽ കണ്ടിട്ടില്ല. ഇങ്ങോട്ടുള്ള യാത്രയിൽ വഴിയോരത്തെല്ലാം കാടുണ്ടായിരുന്നു. അവ തേങ്കായ്ക്കാടുകളായിരുന്നു.

വരിയൊപ്പിച്ചു നട്ടുപിടിപ്പിച്ച തോപ്പിലിറങ്ങി നടക്കണമെന്ന് അവളാഗ്രഹിച്ചു. കുളിക്കട്ടെ ആദ്യം.

തണുത്ത വെള്ളം ഉടലിൽ വീണപ്പോൾ കോരിത്തരിച്ചുപോയി. പളുങ്കുവെള്ളം. പിന്നേയും പിന്നേയും കൈക്കുടന്നയിൽ കോരിയെടുത്തു കുടിച്ചു. ചായ വേണ്ട, ഈ വെള്ളം മതി! വെള്ളം, പച്ചവെള്ളം മാത്രം മതി. നീരിന്നിത്ര തണുപ്പോ!

കുളികഴിഞ്ഞു സുന്ദരിയായി വന്ന പെണ്ണിനെക്കണ്ടു പുഞ്ചിരിയോടെ വീട്ടമ്മ പറഞ്ഞു:

"ഇപ്പൊ നിന്നെക്കണ്ടാ നിന്റെ പെറ്റമ്മപോലും തിരിച്ചറിയില്ല." അവൾ നാണിച്ചു തല താഴ്ത്തി. പത്തുവയസ്സുകാരിയുടെ പാദങ്ങൾ മറച്ച് നിലത്തുരുമ്മിനിൽക്കുന്ന ഉടുപ്പ് നോക്കി അവർ പറഞ്ഞു:

"ഇത് ഇട്ടുകൊണ്ട് നിനക്ക് പണിയൊന്നും ചെയ്യാൻ പറ്റില്ല. നാളെയാവട്ടെ. ഒന്നു ചുരുക്കിക്കുത്തിക്കോളൂ, അരയിൽ." അവൾ ഉടുപ്പ് മാടിക്കേറ്റി മുണ്ടുപോലെ അരയിൽ മുറുക്കി.

അടുക്കളയിലെ പാത്രങ്ങൾ കഴുകിക്കമഴ്ത്തി, തുത്തുതുടച്ചപ്പോൾ അവൾ ചോദിച്ചു:

"അമ്മാ, ഞാൻ തേങ്കായ് പെറുക്കിക്കൂട്ടട്ടെ."

"ഓ! പിന്നെയാവാം! നല്ല മഴ വരണ്ണ്ട്. നിണക്കു വേണെങ്കിൽ അടുക്കളയിൽനിന്ന് ഒരു തേങ്ങാപ്പൂള് എടുത്തു തിന്നോ!"

വേണോ? ഇപ്പൊ വേണ്ട. തേങ്ങ തിന്നാനുള്ള കൊതികൊണ്ടല്ല പറഞ്ഞത്. അക്കമ്മ അത്തരം ഒരു കൊതിച്ചിക്കോതയൊന്നുമല്ല. തെങ്ങും തേങ്ങയും സ്വന്തമായിട്ടില്ലാത്ത ഒരു ഗ്രാമത്തിൽനിന്നാണ്, അവൾ വന്നുചേർന്നതെങ്കിലും. അമ്പലത്തിൽ പോകുമ്പോൾ അമ്മത്തേവര്ക്ക് നേദിക്കാൻ അപ്പൻ അവൾക്ക് കൊല്ലത്തിലൊരിക്കൽ ഒരു തേങ്ങ മേടിച്ചു കൊടുക്കാറുണ്ട്. ഉണങ്ങി മെല്ലിച്ച് ഒരു കാട്ടുപുന്നക്കായോളം പോന്ന ഒന്ന്. അപ്പൻ കാവൽ നോക്കുന്ന വലിയ തോപ്പ് കായ്ച്ചുതുടങ്ങീട്ടില്ല.

രാത്രി, കോണിച്ചോട്ടിലെ കുടുസ്സുമുറിയിൽ കിടക്കുമ്പോൾ അവൾക്ക് നേരിയ ഭയം തോന്നി. വീട്ടമ്മ വാതിലുകളും ജനലുകളും ഓരോന്നടച്ചു പൂട്ടുന്നത് അവളറിഞ്ഞു. തന്നെ ഒരു പെട്ടിയിലിട്ടു പൂട്ടി. പിന്നെ, വലിയ വലിയ പെട്ടികളിലൊതുക്കി, ഓരോ താഴും പൂട്ടുകയാണ് അവർ എന്നു കുട്ടി പേടിച്ചു. പാറക്കുന്നുകൾ വളഞ്ഞു തടങ്കലിലാക്കിയ തന്റെ ഗ്രാമത്തെയും പരസ്പരം കൈകോർത്തുപിടിച്ചു ഭൂമിയിലമർന്നു കിടക്കുന്ന കുടിലുകളെയും അവൾ ഓർത്തു. തമ്മാമ്മിൽ പൊത്തിപ്പിടിച്ചു ജീവിക്കുന്ന ഒരുകൂട്ടം മനുഷ്യരുടെ ഇടയിൽനിന്ന് ആരോ തന്നെ റാഞ്ചിയെടുത്ത് ഇവിടെ കൊണ്ടുവന്ന് അടച്ചുപൂട്ടിയിരിക്കുന്നു.



ആരോ കരയുന്നതു കേട്ടു നടുപ്പാതിരയ്ക്ക് അവൾ നടുങ്ങിയുണർന്നു. മഴ കരയുന്നു. പേർത്തും പേർത്തും എണ്ണിപ്പെറുക്കി കരയുന്നു. അവൾ ഉയരത്തിലുള്ള വെന്റിലേറ്ററിലൂടെ പുറത്തേക്കു നോക്കി. ഓലയുടെ ഇരുണ്ട പന്തൽ.

അവൾ തണുത്ത ഭിത്തിയെ ഉമ്മവച്ചു തിരിഞ്ഞു കിടന്നു. താഴെ മൂലയിൽ ഒരു പല്ലിയുടെ കണ്ണുകൾ. വിരണ്ടോടുന്ന ഒരു പാറ്റ ചിറകുവച്ചു കുറുകെ പറന്ന്, കോണിയുടെ തണ്ടെല്ലിൽ ചെന്നിടിച്ചു. അവൾ പുതപ്പുകൊണ്ടു തലമൂടിപ്പുതച്ചു.

പൊത്തോ... പൊത്തോന്ന് ഇടവിട്ട ഓരോ ശബ്ദം നേർത്തുവന്ന മഴയിലൂടെ പറന്നെത്തി. മതില് കേറിമറിഞ്ഞ് ഒരു കള്ളൻ തോപ്പിലേക്ക് ചാടിവീണതാണോ? ഒന്നിലധികം മോഷ്ടാക്കൾ? പിന്നെ എപ്പോഴോ നീണ്ട യാത്രയുടെ തളർച്ച അവളെ ഉറക്കി.

മഴ ചറുപിറുന്നനെ പെയ്യുന്ന ഒരു പുലരിയിലേക്കാണ് അവൾ മിഴി തുറന്നത്. തണുക്ക്ണു. സംഗീതച്ചേച്ചിയുടെ പഠനമുറിയിൽ പാതിരാവുവരെ വെളിച്ചമുണ്ടായിരുന്നു. ഇപ്പോൾ വീടും ഉറങ്ങിക്കിടക്കുന്നു. അവൾക്ക് ജനൽ തുറന്നു പുറത്തേക്കു നോക്കണം. കൊളുത്തൂരി. അവിടെ കണ്ട കാഴ്ച കരളലിയിപ്പിച്ചു. അനാഥക്കുഞ്ഞുങ്ങളെപ്പോലെ മഴനനഞ്ഞു കിടക്കുന്ന ഉണക്കത്തേങ്ങകൾ, മുഖം കരിഞ്ഞ്, കണ്ണീരൊലിപ്പിച്ച്, ആരും തിരിഞ്ഞു നോക്കാതെ.



അക്കമ്മ ജനലഴികളിൽപ്പിടിച്ചു തോപ്പിലാകമാനം കണ്ണോടിച്ചു. ഒണ്ണ്, രണ്ട്, മൂണ്ണ്... മിക്കവാറും എല്ലാ തെങ്ങുകൾക്കും ചോടെ പുല്ലു നിറഞ്ഞ പറമ്പിൽ എത്രയോ എണ്ണം മറഞ്ഞു കിടപ്പുണ്ട്.

അക്കമ്മ വാതിൽക്കലേക്കു പാഞ്ഞു. ചാരിയ വാതിൽ മലർക്കെത്തുറന്നു. അതൊരു പഴയ കതകാണ്; പുതിയ വീട്ടിലുള്ള ഒരേയൊരു പഴയ കതക്. ഉപേക്ഷിക്കാൻ വയ്യാത്തതിനാൽ ഒതുങ്ങിയ ഒരിടത്ത് ആരുടേയും കണ്ണ് ചെല്ലാത്തിടത്ത് നല്ല തടിച്ച കതക് അവളോട് കയർത്തു.

അവളെപ്പോലെ, ഇവിടെ വീട്ടുപണിക്കു വരുന്ന പെൺകിടാങ്ങളുടെ ഉറക്കം സുരക്ഷിതമാക്കാൻ ഒരു ചെറിയ മുറി; ഉറപ്പുള്ള ഒരു വാതിലും.

തോപ്പിൽ ചുവന്നുകലങ്ങിയ വെയിലോടിയിരുന്നു. നനഞ്ഞു കുമിഞ്ഞ

ഓലകൾ ചവിട്ടി അവൾ ഒന്നാമത്തെ തെങ്ങിൻചോട്ടിലെത്തി. തെങ്ങ് മുഖം താഴ്ത്തി അവളെ ഉറ്റുനോക്കി. അവൾ പെറുക്കിയെടുത്തു. മാറിലടുക്കിയ രണ്ടു തേങ്ങകളെ നോക്കി നെടുവീർപ്പിടുന്നു. അവളുടെ തലമുടിയിലേക്ക് തെങ്ങിന്റെ ഇമകൾ തോർന്നു.

പലവട്ടം അവൾ തേങ്ങാക്കൂടിന്റെ കീഴറയിലേക്കു നടന്നു. അവളുടെ ഉടുപ്പ് മഴക്കണ്ണീരിൽ നനഞ്ഞു. കുറേനാളായി ഈ തേങ്ങായ്കൾ മഴകൊള്ളുകയാണെന്ന് അവൾക്കു തോന്നി. എന്ന പൈത്യം! തേങ്ങാപ്പുര ഒഴിഞ്ഞുകിടക്കുന്നു. തെങ്ങുകൾ അവളോട് ആവലാതി പറഞ്ഞു. ഓരോ തവണയും തങ്ങളുടെ കുഞ്ഞുങ്ങളെ സുരക്ഷിതമായ അറയിലാക്കി തിരിച്ചു വരുന്ന അക്കമ്മയോട് തെങ്ങുകൾ കൃതജ്ഞതയോടെ മന്ത്രിച്ചു.

എല്ലാരേം കൂട്ടിക്കൊണ്ടു പോ... എല്ലാരേം... ഒരു തേങ്ങ നൽകിയ കാക്കപ്പൊന്ന് അടർത്തിയെടുത്ത് അവൾ മൂക്കുത്തിയാക്കി.

അടുക്കളത്തളത്തിൽനിന്ന് വീട്ടമ്മ വിളിച്ചു ചോദിക്കുന്നു:

"അക്കമ്മാ, നിയ്യ് മുറ്റം തൂത്തിട്ട് ഇങ്ങകത്തു വാ." അവർ സിങ്കിലേക്കിടുന്ന പാത്രങ്ങൾ കലമ്പി.

തേങ്ങാപ്പുരയുടെ കോലായിൽ വന്നുകയറി, സംഗീതച്ചേച്ചി വിളിച്ചു പറഞ്ഞു:

"മമ്മി ഇതു കണ്ടോ! ഈ അക്കമ്മ ചെയ്തുവച്ച ഒരു പണി!"

ദോശ ചുടുന്നേടത്തുനിന്ന് വീട്ടമ്മ എത്തിനോക്കി.

"എന്താ... എന്താ ..."

"തേങ്ങ മുഴ്വോനും പെറുക്കി അകത്തിട്ടിരിക്ക്ണു! പെണ്ണിന്റെ ഒരു പ്രാന്ത്."

അമ്മ ഒന്നും മിണ്ടിയില്ല. അവർ ആലോചനയിലാണ്ടു. അച്ഛൻ മൊട്ടക്കുന്ന് വിലയ്ക്കു മേടിച്ചത്, ഉതിർന്നുകിടന്ന ചരൽക്കല്ല് നീക്കി കുന്ന് കിളപ്പിച്ചത്, തൈക്കുണ്ടുകൾ കുഴിച്ചത്, കുറ്റ്യാടിത്തേങ്ങ തന്നെ വേണം വിത്തിന് എന്നു വാശിപിടിച്ചു യാത്ര പുറപ്പെട്ടത്, വീട്ടുചെലവു ചുരുക്കി തെങ്ങിൻതൈകളെ തീറ്റിയത്. അച്ഛൻ സദാസമയവും തോപ്പിലായിരുന്നു. മൊട്ടക്കുന്ന്, ജ്വലിക്കുന്ന വെയിലിൽനിന്നു രക്ഷനേടി, പച്ചത്തെങ്ങുകളുടെ പന്തലിൽ വിശ്രമിച്ചു. തെങ്ങിനു തീറ്റ നൽകാൻ അച്ഛൻ അമ്മയുടെ പണ്ടങ്ങൾ പണയം വച്ചു, വിറ്റു. മരിക്കുന്ന ദിവസം കോലായിലെ ചാരുകസേരയിൽ നിന്നെണീറ്റ്, മുറ്റത്തെ തെങ്ങിൽ നിറഞ്ഞു മുറ്റിയ കുലകൾ നോക്കി, മെല്ലെ മിഴികൾ താഴ്ത്തി, പതുക്കെ ചുമര് പിടിച്ചു പിടിച്ച് അകത്തെ മുറിയിലേക്ക് കയറിപ്പോയത്...

അവർ തവി താഴെയിട്ട് പുറത്തേക്കോടി അക്കമ്മയെ ചെന്നു പുണർന്നു. കുട്ടി അന്ധാളിച്ചു, അവരുടെ സാരിഞൊറികളിൽ മുഖംപൂഴ്ത്തി.

**(വത്സലയുടെ തിരഞ്ഞെടുത്ത കഥകൾ)** **-പി. വത്സല**

## കണ്ടെത്താം, പറയാം

- പണിയെടുക്കാനുള്ള തിടുക്കംകൊണ്ടോ തേങ്ങാപ്പൂളു തിന്നാനുള്ള കൊതികൊണ്ടോ അല്ല "അമ്മാ, നാൻ തേങ്കായ് പെറുക്കിക്കൂട്ടട്ടേ" എന്ന് അക്കമ്മ ചോദിച്ചത്. പിന്നെ എന്തിനായിരിക്കാം?
- വീട്ടമ്മ വാതിൽ അടച്ചുപൂട്ടുമ്പോൾ പെട്ടികൾക്കുള്ളിൽ വച്ച് തന്നെ പൂട്ടുകയാണെന്ന് അക്കമ്മയ്ക്ക് തോന്നാൻ കാരണമെന്താവാം?
- പൊഴിഞ്ഞുകിടക്കുന്ന തേങ്ങകളെ അനാഥക്കുഞ്ഞുങ്ങളായി സങ്കൽപ്പിച്ചിരിക്കുന്നത് എന്തുകൊണ്ടാണ്?
- അക്കമ്മയെ ഓടിച്ചെന്നു പുണർന്ന വീട്ടമ്മയുടെ മനോവിചാരങ്ങൾ എന്തായിരിക്കാം?

## വിശകലനം ചെയ്യാം

- "ഒരു തെളിഞ്ഞ മുഖം കാണാൻ അവൾക്ക് സാധിച്ചിരുന്നില്ല."
  ഈ പ്രസ്താവന അക്കമ്മയുടെ ഗ്രാമജീവിത പശ്ചാത്തലവുമായി ബന്ധപ്പെടുത്തി വിശദീകരിക്കൂ.
- ◆ "തെങ്ങ് മുഖം താഴ്ത്തി അവളെ ഉറ്റുനോക്കി."
  ◆ "അവളുടെ തലമുടിയിലേക്ക് തെങ്ങിന്റെ ഇമകൾ തോർന്നു."
  ◆ "തെങ്ങുകൾ കൃതജ്ഞതയോടെ മന്ത്രിച്ചു."
  ഈ പ്രയോഗങ്ങളിൽ തെളിയുന്ന, പ്രകൃതിയും അക്കമ്മയും തമ്മിലുള്ള ആത്മബന്ധം വ്യക്തമാക്കുക.
- അക്കമ്മ പൈതൃമായി കാണുന്നതും സംഗീതച്ചേച്ചി പെണ്ണിന്റെ പ്രാന്തായി കാണുന്നതും രണ്ടു കാഴ്ചപ്പാടുകളാണ്. ചർച്ചചെയ്ത് എഴുതൂ.

## സംഭാഷണം

- "തെങ്ങ് മുഖം താഴ്ത്തി അവളെ ഉറ്റുനോക്കി."
  തെങ്ങുകൾ അവളോട് എന്തെല്ലാമോ പറഞ്ഞു എന്നു സങ്കൽപ്പിക്കുക.
  എന്തെല്ലാമായിരിക്കും പറയാനുണ്ടാവുക?
  അക്കമ്മയുടെ മറുപടി എന്താവാം? സംഭാഷണം തയാറാക്കൂ.

## വാക്യങ്ങൾ നിർമ്മിക്കാം

- താഴെ കൊടുത്ത പ്രയോഗങ്ങൾ ചേർത്ത് പുതിയ വാക്യങ്ങൾ എഴുതൂ.
  (മാതൃക: കണ്ണീരുണങ്ങിയ നീർച്ചാൽ - കൊടിയ വേനലിൽ ഞങ്ങളുടെ ഗ്രാമത്തിലെ പുഴ കണ്ണീരുണങ്ങിയ നീർച്ചാൽ പോലെയായാവാറുണ്ട്).

* കരയുന്ന മഴ.
* ചുവന്നു കലങ്ങിയ വെയിൽ.

## ആസ്വാദനക്കുറിപ്പ്

'തേങ്ങ' എന്ന കഥയ്ക്ക് ആസ്വാദനക്കുറിപ്പ് തയാറാക്കൂ.

എന്തെല്ലാം കാര്യങ്ങൾ പരിഗണിക്കണം?

- അക്കമ്മയുടെ ജീവിതപശ്ചാത്തലം, സ്വഭാവസവിശേഷത.
- പ്രകൃതിയും അക്കമ്മയും തമ്മിലുള്ള ബന്ധം.
- അക്കമ്മയുടെയും സംഗീതച്ചേച്ചിയുടെയും കാഴ്ചപ്പാടുകളിലെ വ്യത്യാസം.
- വീട്ടമ്മയുടെ സ്നേഹം.
-
-
-

സ്വന്തം അഭിപ്രായംകൂടി ഉൾപ്പെടുത്തി എഴുതാം.

## കഥയരങ്ങ്

'തേങ്ങ' എന്ന കഥ വായിച്ചല്ലോ. പ്രകൃതിയിലെ സർവചരാചരങ്ങളോടും മനുഷ്യനുള്ള ഹൃദയസ്പർശിയായ ബന്ധം പ്രമേയമായി വരുന്ന വേറെയും കഥകളുണ്ടല്ലോ.

* ബഷീറിന്റെ 'ഭൂമിയുടെ അവകാശികൾ'
* പൊൻകുന്നം വർക്കിയുടെ 'ശബ്ദിക്കുന്ന കലപ്പ'
* കാരൂരിന്റെ 'ആനക്കാരൻ'
* തകഴിയുടെ 'വെള്ളപ്പൊക്കത്തിൽ'
*
*

ഇത്തരം ചെറുകഥകൾ കണ്ടെത്തി ഉചിതമായ ഭാവത്തോടെ വായിച്ചവതരിപ്പിക്കുക.



# വേഗമുറങ്ങൂ


വേഗമുറങ്ങൂ മകളേ, വെയിൽ
ചായുന്നു കൊന്നപ്പൂപോലെ
അമ്പിളി പൊൻതിടമ്പേന്തും കരിം-
കൊമ്പനായ് രാത്രി വരുന്നു.

മാനും മുയലും ഉറങ്ങി, കാടും
ആറും കടലുമടങ്ങി
പായലിൽ മീൻ മിഴി പൂട്ടി, നീല-
ക്കായലിൻ സ്വപ്നമായ് സൂര്യൻ
പക്ഷിയും പാട്ടും മടങ്ങി കൂട്ടിൽ,
അക്ഷരം ഏട്ടിൽ മയങ്ങി.

നീ ഉറങ്ങുമ്പോൾ മകളേ, ലോകം
നീലമയിലിനെപ്പോലെ,
നിൻ മിഴിക്കുള്ളിൽ മകളേ, കല്ലും
പുല്ലും ഏറുന്നു ചിറകിൽ.
നീ മയങ്ങുമ്പോൾ കിനാവിൽ കൊടും-
പോർനിലം പൂക്കളമാകും
അമ്മയില്ലാത്തവർക്കെല്ലാം അപ്പോൾ
അമ്മയായ് ഞാൻ നിലാവാകും.
വറ്റും പുഴയിൽ നീർ പാടും, തളിർ
മുറ്റും ഉണങ്ങിയ കാട്ടിൽ.

വേഗമുറങ്ങൂ മകളേ, രാവിൻ
പൂമരം പൂത്തുലയുന്നു
കാറ്റിൻ ചുമലിലെ കാണാച്ചെണ്ട
ചാറ്റൽമഴ തന്നിരമ്പം
വേഗമുറങ്ങൂ മകളേ, വേഗം
വേഗമുറങ്ങൂ മലരേ.

**- സച്ചിദാനന്ദൻ**



## ഈണത്തിൽ വായിക്കാം

- കവിത ഈണത്തിൽ വായിക്കൂ.

## കണ്ടെത്താം, പറയാം

- രാത്രിയുടെ വരവിനെ കവി എങ്ങനെയാണ് ആവിഷ്കരിച്ചിരിക്കുന്നത്?
- രാത്രിയിൽ പ്രകൃതിയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ എന്തെല്ലാം?
- മകളുടെ ഉറക്കത്തിന് അമ്മയായ പ്രകൃതി ഒരുക്കുന്നതെന്തെല്ലാമാണ്?

## ആശയം വിശദീകരിച്ചെഴുതൂ

- പൂക്കളമാകുന്ന പോർക്കളം.
- അമ്മയില്ലാത്തവർക്ക് അമ്മയാവുന്ന നിലാവ്.
- കാറ്റിൻ ചുമലിലെ കാണാച്ചെണ്ട.

## വിശകലനം ചെയ്യാം

- "കൊന്നപ്പൂപോലെ ചായുന്ന വെയിൽ"-
  വെയിലിനെ കൊന്നപ്പൂവായി സങ്കൽപ്പിച്ചിരിക്കുന്നതിലെ പ്രത്യേകതകൾ കണ്ടെത്തൂ.
- നിലാവിനെ അമ്മയായി സങ്കൽപ്പിച്ചിരിക്കുന്നത് എന്തുകൊണ്ടാവാം?
- മകളുടെ ഉറക്കത്തിനു താരാട്ടുപാടാൻ പ്രകൃതി ആരെയെല്ലാമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്? ഇവരുടെ താരാട്ടുപാട്ടുകൾ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?
- "നീ ഉറങ്ങുമ്പോൾ മകളേ, ലോകം
  നീലമയിലിനെപ്പോലെ."
  ലോകത്തെ നീലമയിലായി സങ്കൽപ്പിച്ചിരിക്കുന്നതെന്തുകൊണ്ട്? ചർച്ചചെയ്യൂ.

## വർണന

- കവിതയിലെ ആശയങ്ങളും പ്രയോഗങ്ങളും ഉൾപ്പെടുത്തി ഉറങ്ങുന്ന പ്രകൃതിയെക്കുറിച്ചുള്ള വർണന തയാറാക്കൂ.

## രംഗാവിഷ്കാരം

- സംഘങ്ങളായി കവിതയ്ക്ക് ഈണം കണ്ടെത്തൂ.
  തുടർന്ന് ഒരു രംഗാവിഷ്കാരം തയാറാക്കിയാലോ?
  പാഠഭാഗത്തെ ചിത്രം ശ്രദ്ധിച്ചല്ലോ. ഇനിയെന്തെല്ലാം തയാറെടുപ്പുകൾ വേണം?
  ആരെയെല്ലാം അവതരിപ്പിക്കണം?
  - കാട്
  - ആനയായെത്തുന്ന രാത്രി
  - ഉറങ്ങുന്ന കുട്ടി
  - വിടരുന്ന പൂമരം
  - നിലാവായെത്തുന്ന മാലാഖ
  - 

  (പശ്ചാത്തലത്തിൽ കവിത ഈണത്തിൽ ചൊല്ലി അവതരിപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ).

## കവിതകൾ അവതരിപ്പിക്കാം

- കടമ്മനിട്ട, സച്ചിദാനന്ദൻ തുടങ്ങിയവരുടെ കവിതകൾ ശേഖരിച്ച് ക്ലാസിൽ ചൊല്ലിയവതരിപ്പിക്കാം.

## ഉപന്യാസം തയാറാക്കാം

“പാവനസ്നേഹത്തിന്റെ
പാട്ടുപാടുവാനെന്റെ
നാവനങ്ങുന്നൂ താര-
ഗംഭീരനാദത്തോടെ”

ഉള്ളൂരിന്റെ ഈ വരികൾ വായിച്ചല്ലോ.
പരസ്പരസ്നേഹത്തിന്റെ ഉണർത്തുപാട്ടുകളാണ് ഈ യൂണിറ്റിൽ നാം പരിചയപ്പെട്ടത്. താഴെ കൊടുത്ത ആശയപടം ശ്രദ്ധിക്കൂ.




ആശയങ്ങൾ വികസിപ്പിച്ച് ഉപന്യാസം തയാറാക്കൂ.

## ഞാൻ എന്നെക്കുറിച്ച്

| | പൂർണമായി | ഭാഗികമായി | അൽപ്പം മാത്രം |
|---|---|---|---|
| * കവിത ആശയവും ഭാവവും ഉൾക്കൊണ്ട് ഈണത്തിൽ ചൊല്ലി അവതരിപ്പിക്കാൻ കഴിയുന്നു. | | | |
| * സൂചകങ്ങൾ വികസിപ്പിച്ച് രചനകളെ വിലയിരുത്താൻ കഴിയുന്നു. | | | |
| * പാഠഭാഗത്തെ സവിശേഷപ്രയോഗങ്ങൾ പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കാൻ കഴിയുന്നു. | | | |
| * സമാനമായ രചനകൾ കണ്ടെത്തി വായിച്ചവതരിപ്പിക്കാൻ കഴിയുന്നു. | | | |
| * കവിതയിലെ ആശയം മറ്റു രചനകളുമായി താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കാൻ കഴിയുന്നു. | | | |

എഴുത്തുകാരെ അറിയുക



## കടമ്മനിട്ട രാമകൃഷ്ണൻ

**(1935-2008)**


ചൊൽക്കാഴ്ചകളിലൂടെയും കവിയരങ്ങുകളിലൂടെയും മലയാളകവിതയെ ആസ്വാദകരിലേക്കെത്തിച്ച ആധുനിക കവി. കേരളത്തിന്റെ നാടോടിസംസ്കാരത്തിന്റെ കരുത്തിനെ പുതിയ കവിതാരീതിയുമായി സമന്വയിപ്പിക്കുകയും ചൊൽക്കാഴ്ചയിലൂടെ അവ ആസ്വാദകരിൽ എത്തിക്കുകയും ചെയ്തു. പത്തനംതിട്ട ജില്ലയിലെ കടമ്മനിട്ടയിൽ ജനിച്ചു. കേരളനിയമസഭയിൽ അംഗമായിരുന്നു. കേരള സാഹിത്യ അക്കാദമി പുരസ്കാരം നേടി. കുറത്തി, കടിഞ്ഞൂൽപൊട്ടൻ, മിശ്രതാളം, മഴപെയ്യുന്നു മദ്ദളംകൊട്ടുന്നു, പുരുഷസൂക്തം, ദേവീസ്തവം, കോഴി, കടമ്മനിട്ടയുടെ കവിതകൾ, വെള്ളിവെളിച്ചം, ഗോദോയെ കാത്ത് (സാമുവൽ ബക്കറ്റിന്റെ 'വെയ്റ്റിങ് ഫോർ ഗോദോ' എന്ന നാടകത്തിന്റെ വിവർത്തനം), സൂര്യശില (ഒക്ടാവിയോ പാസിന്റെ 'സൺസ്റ്റോൺ' എന്ന കൃതിയുടെ വിവർത്തനം) എന്നിവയാണ് പ്രധാന കൃതികൾ.

## പി. വത്സല



മനുഷ്യന്റെ വേദനകളും സ്വപ്നങ്ങളും കഥകളിലേക്ക് ആവാഹിച്ച എഴുത്തുകാരി. 1938 ൽ കോഴിക്കോട്ടു ജനിച്ചു. കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്. ഗൗതമൻ, മരച്ചോട്ടിലെ വെയിൽച്ചീളുകൾ, മലയാളത്തിന്റെ സുവർണകഥകൾ, വേറിട്ടൊരു അമേരിക്ക, അശോകനും അയാളും, മൈഥിലിയുടെ മകൾ, ആദിജലം, നെല്ല്, കൂമൻകൊല്ലി, വിലാപം, നിഴലുറങ്ങുന്ന വഴികൾ, പോക്കുവെയിൽ പൊൻവെയിൽ എന്നിവ പ്രധാന കൃതികൾ.

## സച്ചിദാനന്ദൻ



ലോകകവിതയുടെ പുതുധാരകൾ മലയാളകവിതയിൽ സമന്വയിപ്പിച്ച കവികളിൽ പ്രമുഖനാണ് സച്ചിദാനന്ദൻ. നിരൂപകൻ, വിവർത്തകൻ എന്നീ നിലകളിലും പ്രസിദ്ധൻ. 1946 ൽ കൊടുങ്ങല്ലൂരിൽ ജനിച്ചു. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. എഴുത്തച്ഛനെഴുതുമ്പോൾ, സച്ചിദാനന്ദന്റെ കവിതകൾ, ദേശാടനം, ഇവനെക്കൂടി, കയറ്റം, സാക്ഷ്യങ്ങൾ, അപൂർണം, വിക്ക്, മറന്നുവച്ച വസ്തുക്കൾ, വീടുമാറ്റം, മലയാളം, കവിബുദ്ധൻ, സംഭാഷണത്തിനൊരു ശ്രമം, അഞ്ചു സൂര്യൻ, പീഡനകാലം, വേനൽമഴ മുതലായ കവിതാസമാഹാരങ്ങളും കുരുക്ഷേത്രം, സംവാദങ്ങൾ സമീപനങ്ങൾ, സൗന്ദര്യവും അധികാരവും തുടങ്ങിയ ലേഖനസമാഹാരങ്ങളും രചിച്ചിട്ടുണ്ട്.

## പദകോശം

| | |
|---|---|
| വഴിവാണിഭക്കാർ | - വഴിയരുകിലെ കച്ചവടക്കാർ |
| പണ്ടം | - ആഭരണം, ഭക്ഷണവസ്തു |
| കൈക്കുടന്ന | - കൈക്കുമ്പിൾ |
| നേദിക്കുക | - അർപ്പിക്കുക, നിവേദിക്കുക |
| പൈത്യം | - ഭോഷത്തം, ഭ്രാന്ത് |
| കലമ്പുക | - കോപിക്കുക, ശകാരിക്കുക |
| തിടമ്പ് | - ബിംബം, എഴുന്നള്ളിപ്പിനുള്ള വിഗ്രഹം |
| ആറ് | - നദി, പുഴ |
| പോർനിലം | - യുദ്ധക്കളം |
| സാർഥകം | - അർഥത്തോടുകൂടിയത് |
| ഭാണ്ഡം | - മാറാപ്പ് |
| കറ്റൻ | - കറുത്തവൻ |
| ചെറ്റ് | - അൽപ്പം |



**പഠനനേട്ടങ്ങൾ**

- കവിതകൾ ഉചിതമായ ഭാവത്തിലും ഈണത്തിലും ആലപിക്കുന്നു.
- കവിതകളിലെ ആശയം, ബിംബകൽപ്പന, ചമൽക്കാരഭംഗി, പ്രയോഗസവിശേഷതകൾ എന്നിവ കണ്ടെത്തി വിശദീകരിക്കുന്നു.
- സൂചകങ്ങൾ വികസിപ്പിച്ച് സ്വന്തം ആലാപനവും മറ്റുള്ളവരുടെ ആലാപനവും വിലയിരുത്തുന്നു.
- കഥകളുടെ രചനാരീതി, സാമൂഹികപ്രസക്തി, വൈവിധ്യം തുടങ്ങിയ സവിശേഷതകൾ പരിഗണിച്ചും സ്വന്തം കാഴ്ചപ്പാടുകൾ ഉൾക്കൊള്ളിച്ചും പറഞ്ഞും എഴുതിയും ആസ്വാദനം അവതരിപ്പിക്കുന്നു.
- കഥകൾ ആശയം ഉൾക്കൊണ്ട് ഉചിതമായ ഭാവം, ശബ്ദനിയന്ത്രണം, ഒഴുക്ക്, ഉച്ചാരണശുദ്ധി എന്നിവയോടെ വായിക്കുന്നു.
- പദങ്ങൾ, പ്രയോഗങ്ങൾ, ചൊല്ലുകൾ, ശൈലികൾ തുടങ്ങിയവ സന്ദർഭാനുസരണം ഉപയോഗിക്കുന്നു.
- സ്വന്തം അഭിരുചിക്കിണങ്ങുന്ന പുസ്തകങ്ങൾ കണ്ടെത്തി വായിച്ച് കുറിപ്പുകൾ തയാറാക്കുന്നു.
- വായിച്ച സർഗാത്മകരചനകളെ വ്യത്യസ്തമായ തരത്തിൽ ആവിഷ്കരിക്കുന്നു.



2

# കേരളീയം



# കേരളഗാനം

ജയജയ കോമള കേരളധരണീ
ജയജയ മാമക പൂജിത ജനനീ,
മലയജസുരഭില മാരുതനേൽക്കും
മലയാളം ഹാ! മാമകരാജ്യം!
കല്പകതരുനികരങ്ങൾ നിരക്കും
കല്പിതഭൂവാണെന്നുടെ രാജ്യം!
കളകളമോതിയിണങ്ങിവരുന്നൊരു
സലിലസമൃദ്ധം മാമകരാജ്യം.
തുഞ്ചശുകീകളകണ്ഠനിനാദം
തഞ്ചും മാമക മലയാളത്തിൽ
മാമകമോഹം മാമകഗേഹം
മാമകനാകം മാമകവിലയം!

(കേരളഗാനം) - ബോധേശ്വരൻ

കേരളത്തിന്റെ സാംസ്കാരികഗാനമായ 'കേരളഗാന'ത്തിലെ വരികളാണിവ. സംഘമായി ആലപിക്കൂ.
കേരളത്തെക്കുറിച്ച് എന്തെല്ലാമാണ് ഇതിൽ പറയുന്നത്?

# ജീവിതത്തിന്റെ ഉപ്പ്

“ഉപ്പേ... ഉപ്പുപ്പേ... ഉപ്പ്......”

*ഉപ്പുകൊറ്റൻ വിളിച്ചു ചോദിക്കയാണ്:

“ഉപ്പു വേണോ?”

ഇടവഴിതാണ്ടി നടവഴിതാണ്ടി ഉപ്പുകൊറ്റൻ വിളിച്ചു ചോദിക്കയാണ്:

“ഉപ്പു വേണോ?”

ഉപ്പു വിറ്റാണ് ഉപ്പുകൊറ്റൻ ജീവിച്ചത്. ആവശ്യക്കാർ അവനിൽനിന്ന് ഉപ്പു വാങ്ങും. ഉപ്പാണ് അവന്റെ അന്നം. നടന്ന് വിൽക്കും. നടന്നുനടന്ന് എത്തിയേടത്ത് കിടന്നുറങ്ങും.

അങ്ങനെയൊരിക്കൽ കൊറ്റൻ മേഴത്തൂരെത്തി. ഇല്ലത്തിന്റെ പടികൾ കയറി ഉമ്മറമുറ്റത്തെത്തി. നടയിലെ കല്ലിലിരുന്നു. ഉപ്പുവേണോ എന്നു ചോദിക്കാനൊരുങ്ങും മുമ്പുതന്നെ പൂമുഖത്ത് ഒരാൾ വന്നു നിൽക്കുന്നു. ചൈതന്യം തുടിക്കുന്ന മുഖം. ശരീരത്തിന് കുറുകെ പൂണൂൽ. കുടുമ. കസവുമുണ്ടുടുത്തിരിക്കുന്നു; കസവിന്റെ മേൽമുണ്ടും.



എവിടെയോ കണ്ടതുപോലെ. ഉപ്പുകൊറ്റന്റെ മനസ്സ് എന്തോ പരതി.

“ആരാ?”

വീട്ടുകാരന്റെ ചോദ്യം ഉപ്പുകൊറ്റനെ ചിന്തയിൽ നിന്നുണർത്തി.

“ഉപ്പുകൊറ്റനെന്നാ ആളുകൾ വിളിക്കണത്.”

“ആളോള് പറേണ പേരേള്ളൂ? സ്വന്തായി ഒരു പേരില്ലേ?”

“പേരോ, എന്തിനാണ് പേര്? തിരിച്ചറിയാനൊരു മാർഗം, ത്രല്ലേള്ളൂ.”

“എന്റെ പേര് അഗ്നിഹോത്രി. അതിനും ഒരു ചേർച്ചേംല്യേ?”

“ചേർച്ചേണ്ട്. പക്ഷേ, പേരിന്റെയല്ല. അങ്ങയുടെ പ്രവൃത്തിയുടെ; സദ്കർമ്മത്തിന്റെ...”

മറുപടികേട്ട് അഗ്നിഹോത്രി വിസ്മയഭരിതനായി ഉപ്പുകൊറ്റനെ നോക്കി. മുഷിഞ്ഞ വസ്ത്രങ്ങൾ. വെളുത്ത നിറം. കറുത്ത താടി. തോളിൽ സഞ്ചി. അരികിൽ ഉപ്പുചാക്ക്. അഗ്നിഹോത്രി ആ കണ്ണുകളിലേക്കു നോക്കി പുഞ്ചിരിച്ചുകൊണ്ട് ചോദിച്ചു:

“വീടെവിടെയാ?”

“അങ്ങ് ദൂരെ.”

---

**ഉപ്പുകൂറ്റൻ എന്നും പേരുണ്ട്.*

"വീട്ടിലാരൊക്കെയുണ്ട്?"

"ഞാൻ മാത്രം."

"ഒറ്റത്തട്യാല്ലേ?"

"ഒരർഥത്തിൽ എല്ലാ തടിയും ഒറ്റയ്ക്കല്ലേ?" ഇതുപറഞ്ഞ് ഉപ്പുകൊറ്റൻ പൊട്ടിച്ചിരിച്ചു. അഗ്നിഹോത്രി ഉപ്പുകൊറ്റന്റെ കണ്ണുകളിലേക്കു വീണ്ടും സൂക്ഷിച്ചുനോക്കി. അദ്ദേഹത്തിന്റെ മനസ്സിൽ എന്തൊക്കെയോ മിന്നിമറഞ്ഞു.

ഈ ചിരി... എവിടെനിന്നാണ് താൻ കേട്ടത്; കണ്ടത്? നാറാണത്ത്, പാക്കനാര് ....!! നാറാണത്തിന്റെ അതേ ചിരി; പാക്കനാരുടെ അതേ ശബ്ദം!!

"ഉപ്പുകൊറ്റന് നാറാണത്തിനെ അറിയ്യോ? പാക്കനാരെ അറിയ്യോ?"

"അറിയാം, വന്നപ്പഴേ ഞാൻ ശ്രദ്ധിച്ചതാ. അങ്ങയുടെ ശബ്ദം നാറാണത്തിന്റേതു തന്നെ, മുഖച്ഛായ പാക്കനാരുടേതും."




അഗ്നിഹോത്രി നീട്ടി ഒന്നു മൂളി. പിന്നെ എന്തോ ചിന്തയിലാണ്ടു.

അപ്പോഴാണ് അഗ്നിഹോത്രിയുടെ ഭാര്യാപിതാവ് മഞ്ചലിൽവന്നിറങ്ങിയത്. തന്നെക്കണ്ട് എഴുന്നേൽക്കാനോ വഴിമാറി നിന്ന് ആചാരം പറയാനോ തയാറാകാത്ത ഉപ്പുകൊറ്റനെ അയാൾ രൂക്ഷമായൊന്നു നോക്കി. യാതൊരു ഭാവഭേദവുമില്ലാതെ ഇരിക്കുകയാണ് ഉപ്പുകൊറ്റൻ.

"മാനിക്കേണ്ടവരെക്കണ്ടാൽ ആചാരം പറയാത്ത ഇവനാര്? വഴി മാറെടാ."

ഉപ്പുകൊറ്റൻ ഒന്നും മിണ്ടിയില്ല. അതേ ഇരിപ്പ് തുടർന്നു.

"വീതിയുള്ള ഈ നടയിൽ അഞ്ചാൾക്ക് കേറിപ്പോകാൻ ഇടമുണ്ട്. പിന്നെന്തിന് ഞാൻ വഴിമാറണം? എല്ലാരും മനുഷ്യരല്ലേ. ഒരേ ചോരയല്ലേ?" ഉപ്പുകൊറ്റന്റെ ചോദ്യം കേട്ട് അഗ്നിഹോത്രിയുടെ ചുണ്ടിൽ പുഞ്ചിരി വിടർന്നു. ഭാര്യാപിതാവിന്റെ മുഖം കോപംകൊണ്ട് ജ്വലിച്ചു. അദ്ദേഹം ഭൃത്യർക്കു നേരെ നോക്കി. അവർ ഓടിച്ചെന്നു. ഒരാൾ പിടിച്ചു. ഉപ്പുകൊറ്റന് അനക്കമില്ല. രണ്ടാൾ പിടിച്ചു; മൂന്നാൾ പിടിച്ചു... എട്ടുപേർ പരിശ്രമിച്ചിട്ടും അയാളുടെ വിരലുപോലും അനക്കാൻ ആയില്ല. എല്ലാവരും അദ്ഭുതപ്പെട്ടുപോയി.



അഗ്നിഹോത്രി പുഞ്ചിരിച്ചുകൊണ്ട് മുറ്റത്തേക്കിറങ്ങി. ഉപ്പുകൊറ്റനു നേരെ കൈനീട്ടി. ഉപ്പുകൊറ്റൻ ആ കൈയിൽപ്പിടിച്ചു. ഒരു പരമ്പരയുടെ രണ്ടുകണ്ണികൾ കൂട്ടിക്കെട്ടിയാലെന്നപോലെ പറഞ്ഞറിയിക്കാനാവാത്ത എന്തോ ഒരു സുഖം ആ സ്പർശത്തിലൂടെ രണ്ടുപേരും അനുഭവിച്ചു. ഉപ്പുകൊറ്റൻ ആ കൈപിടിച്ച് എഴുന്നേറ്റു.

“ഉപ്പുകൊറ്റന്റെ ചാക്കെടുത്തു കൊടുക്കൂ” -അഗ്നിഹോത്രി ഭൃത്യരോട് പറഞ്ഞു. അവർ ഉപ്പുചാക്കെടുക്കാൻ ശ്രമിച്ചു. എത്ര ശ്രമിച്ചിട്ടും പൊങ്ങുന്നില്ല.

ഉപ്പുകൊറ്റൻ പതുക്കെച്ചെന്ന് ചാക്കെടുത്തു തലയിൽ വച്ചു. അഗ്നിഹോത്രിയുടെ കണ്ണുകളിലേക്കു നോക്കി. രണ്ടുപേരുടെ കണ്ണുകളിലും എന്തോ തിളങ്ങി. ഉപ്പുകൊറ്റൻ പടികളിറങ്ങി നടന്നു.

അയാൾ നടക്കുകയാണ്- മലകയറി, കാടുകടന്ന്, കുന്നിറങ്ങി, വയൽ മുറിച്ച്...

പുഴയോരത്തുകൂടെ നടക്കുമ്പോൾ അയാളുടെ മനസ്സ് പലവിധ വിചാരങ്ങളിൽ മുഴുകി. പുഴപോലെയാണ് തന്റെ ജീവിതം. രണ്ടും മുന്നോട്ട് ഒഴുകുന്നു. ചുഴികളും കയങ്ങളും അടിയൊഴുക്കുകളും. അങ്ങനെയങ്ങനെ... പുഴ സമുദ്രത്തിലേക്ക് ഒഴുകിയടുക്കുന്നു, ഉപ്പിൽ ലയിക്കാൻ. അമ്മയുടെ സ്നേഹത്തിന്റെ ഉപ്പറിയാത്ത താൻ ഉപ്പും പേറി നടക്കുന്നു. കൊറ്റിന് ഉപ്പു വിൽക്കുന്നവൻ, ഉപ്പുകൊറ്റൻ.

ചിന്തയുടെ കനം കാലുകളുടെ വേഗം കുറച്ചു. പതിവില്ലാത്തവിധം ക്ഷീണം തോന്നുന്നു. പുഴക്കടവിലെ ആൽത്തറയിൽ ഉപ്പുചാക്കിറക്കിവച്ചു. കാലും മുഖവും കഴുകി. ഒന്നു കിടക്കണം.

“ഉപ്പുകൊറ്റൻ വന്നേ... ഉപ്പുകൊറ്റൻ വന്നേ...” ആൽത്തറയ്ക്കപ്പുറത്തുനിന്ന് കുട്ടിക്കൂട്ടങ്ങളുടെ ആർപ്പുവിളി.

“എത്ര കാലായി കണ്ടിട്ട്! എന്താത്ര വൈകീത് ഉപ്പുകൊറ്റാ?”

ഉപ്പുകൊറ്റൻ പുഞ്ചിരിച്ചു.

“ഇന്നെന്താ കൊണ്ടുവന്നത്?”

അയാൾ സഞ്ചിയെടുത്തു. കമഴ്ത്തിപ്പിടിച്ചു. പുറത്തുചാടിയ ഉണ്ണിയപ്പങ്ങൾ ആൽത്തറയിലൂടെ ഉരുണ്ടു. കുട്ടികൾ അപ്പമെടുത്ത് അമ്പലപ്പറമ്പിലേക്കോടി.

ഉപ്പുകൊറ്റൻ ആൽത്തറയിൽ നിവർന്നു കിടന്നു. ആലിലകളിലൂടെ ഊർന്നിറങ്ങിയ ഇളംകാറ്റ് കൺപോളകളെ തഴുകി. അവൻ പതിയെ മയങ്ങി.

അവന്റെ സ്വപ്നത്തിൽ നിലാവിലെന്നപോലെ ഒരു ചിത്രം തെളിഞ്ഞുവന്നു. ഒരു ബ്രാഹ്മണനും അയാളുടെ പൂർണഗർഭിണിയായ പത്നിയും. അവർ ഒരു വഴിയമ്പലത്തിലെത്തി. അവിടം ശൂന്യമായിരുന്നു. ഒരു കുഞ്ഞിന്റെ കരച്ചിൽ. ചോരക്കുഞ്ഞിനെ അവിടെ ഉപേക്ഷിച്ച് അവർ നടന്നകലുന്നു. ചന്തയിൽനിന്നു മടങ്ങുന്ന രണ്ടു സ്ത്രീകൾ കുഞ്ഞിന്റെ കരച്ചിൽ കേട്ട് അങ്ങോട്ടു ചെല്ലുന്നു. അവർ അതിനെയുമെടുത്ത് വേഗം നടക്കുന്നു.

സ്വപ്നം പൂർണമാകുന്നതിനു മുമ്പ് കുട്ടികളുടെ ശബ്ദം ഉപ്പുകൊറ്റനെ ഉണർത്തി. അവർ ഉപ്പുകൊറ്റനെ പിടിച്ചെഴുന്നേൽപ്പിച്ചു.

"ഉപ്പുകൊറ്റാ, ഒരു പാട്ടുപാടിത്താ."

ഉപ്പുകൊറ്റൻ പാടിത്തുടങ്ങി. സ്വപ്നങ്ങളുടെ താളമുള്ള ഒരു പാട്ട്; ജീവിതത്തിന്റെ ഈണമുള്ള ഒരു പാട്ട്. കുട്ടികൾ കൈകൊട്ടി കൂടെപ്പാടി. പാടിപ്പാടി ഉപ്പുകൊറ്റനും കുട്ടികളും നൃത്തംചവിട്ടി. ആടിയും പാടിയും തളർന്നപ്പോൾ കുട്ടികൾ പറഞ്ഞു:

"ഉപ്പുകൊറ്റാ, വെശന്നിട്ടു വയ്യ. തിന്നാൻ സഞ്ചിയിലെന്താ ഉള്ളത്?" കുട്ടികൾ സഞ്ചി പരതി. അതിലൊന്നുമില്ലായിരുന്നു. അവർ മുഖാമുഖം നോക്കിയപ്പോൾ ഉപ്പുകൊറ്റൻ പറഞ്ഞു:

"ഞാനൊരു വിദ്യ കാണിച്ചുതരാം."

കുട്ടികളുടെ മുഖത്ത് ആകാംക്ഷ. ഉപ്പുകൊറ്റൻ ചാക്കിൽനിന്ന് ഉപ്പു വാരി മുകളിലേക്കെറിഞ്ഞു. ഉപ്പിൻതരികൾ അപ്പങ്ങളായി താഴോട്ടു പൊഴിഞ്ഞു. കുട്ടികൾ മിഴിച്ചുനിന്നുപോയി.

"ഇതെങ്ങനെ സാധിച്ചു ഉപ്പുകൊറ്റാ?" അവർ ചോദിച്ചു.

"ഇതാണ് കൈയടക്കം. കൈകളുടെ അടക്കം. മനസ്സിന്റെ അടക്കം. പരിശീലിച്ചാൽ നിങ്ങൾക്കും സാധിക്കും."

ആകാശം ചുവന്നിരിക്കുന്നു. സൂര്യൻ പുഴയ്ക്കപ്പുറത്തെ ചക്രവാളത്തിൽ താഴാൻ തുടങ്ങിയിരിക്കുന്നു. പുഴയിലും വഴിയിലും വയലിലും നാട്ടുവെളിച്ചം പരക്കുന്നു.

"നേരം സന്ധ്യാകാറായി. കുട്ട്യോള് പൊയ്ക്കോളൂ."

"നാളെ ഇവിടെ കാണ്വോ? നാളെ ഒരു കഥപറഞ്ഞ് തരണം." കുട്ടികൾ ഉപ്പുകൊറ്റനെ നോക്കി കൈവീശിച്ചിരിച്ചു. അവർ ഓടിയകന്നു.

ഉപ്പുകൊറ്റൻ ആൽത്തറയിലേക്കു ചാഞ്ഞു. മുഖത്തെ ചിരി മാഞ്ഞു. മനസ്സിൽ ചിന്തകൾ പൊങ്ങിവന്നു. തനിക്ക് നാറാണത്തിന്റെ ചിരിയും പാക്കനാരുടെ ശബ്ദവും ഉണ്ടെന്നല്ലേ അഗ്നിഹോത്രി പറഞ്ഞത്. അഗ്നിഹോത്രിക്കാണെങ്കിൽ പാക്കനാരുടെ മുഖച്ഛായയും നാറാണത്തിന്റെ ശബ്ദവും. എന്താണിതിന്റെ പൊരുൾ! നേരത്തേ കണ്ട സ്വപ്നം മനസ്സിൽ വീണ്ടുമെത്തി. ബ്രാഹ്മണൻ, ഗർഭിണിയായ ഭാര്യ, വഴിയമ്പലം, ഉപേക്ഷിക്കപ്പെട്ട കുഞ്ഞ്...

ചിന്തകളെ മുഴുവനാക്കാൻ അനുവദിക്കാതെ പുഴകടന്നെത്തിയ ഒരു കുളിർകാറ്റ് ഉപ്പുകൊറ്റനെ തഴുകി. അയാൾ നിദ്രയിലേക്കു വഴുതി.

(ഒരു ഐതിഹ്യകഥ)

## കണ്ടെത്താം, പറയാം

- ഉപ്പുകൊറ്റനും അഗ്നിഹോത്രിയും കണ്ടപ്പോൾ പരസ്പരം തോന്നിയ പരിചയഭാവം സൂചിപ്പിക്കുന്നത് എങ്ങനെയാണ്?
- എട്ടു ഭൃത്യന്മാർ പരിശ്രമിച്ചിട്ടും വഴിയിൽനിന്ന് മാറ്റാൻ കഴിയാത്ത ഉപ്പുകൊറ്റനെ നിഷ്പ്രയാസം എഴുന്നേൽപ്പിക്കാൻ അഗ്നിഹോത്രിക്കു കഴിഞ്ഞത് എന്തുകൊണ്ടാവാം?
- ആൽത്തറയിൽ കിടന്ന ഉപ്പുകൊറ്റൻ കണ്ട സ്വപ്നത്തിന്റെ പൊരുൾ എന്താണ്?
- ഉപ്പുകൊറ്റന്റെ അമാനുഷികസിദ്ധികൾ വെളിപ്പെടുത്തുന്ന സംഭവങ്ങൾ വിവരിക്കുക.
- ഉപ്പുകൊറ്റന്റെ മനസ്സിൽ നിറയെ സങ്കടമാണെന്നു സൂചിപ്പിക്കുന്ന സന്ദർഭം കഥയിൽ നിന്നു കണ്ടെത്തി അവതരിപ്പിക്കുക.

## അഭിനയിക്കാം

- കഥയിലെ ഇഷ്ടപ്പെട്ട സന്ദർഭങ്ങൾ സംഘങ്ങളായി അഭിനയിക്കൂ.

## പ്രയോഗവിശേഷങ്ങൾ

- * <u>ഇടവഴിതാണ്ടി നടവഴിതാണ്ടി</u> ഉപ്പുകൊറ്റൻ വിളിച്ചുചോദിക്കുകയാണ്.
  * അയാൾ നടക്കുകയാണ്– <u>മലകയറി, കാടുകടന്ന്, കുന്നിറങ്ങി, വയൽ മുറിച്ച്.</u>

  അടിവരയിട്ട പ്രയോഗങ്ങളുടെ ഉദ്ദേശ്യം ചർച്ചചെയ്യൂ.

## കഥാപാത്രനിരൂപണം

- 'ഉപ്പുകൊറ്റൻ' എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ എന്തൊക്കെയാണ്?
  * ഉപ്പുവിറ്റു ജീവിക്കുന്നു.
  * എത്തിയേടത്ത് കിടന്നുറങ്ങുന്നു.
  *
  *

  കണ്ടെത്തിയ ആശയങ്ങളും സ്വന്തം അഭിപ്രായങ്ങളും ഉൾപ്പെടുത്തി കഥാപാത്ര നിരൂപണം എഴുതൂ.

## ചർച്ചക്കുറിപ്പ്


- "എല്ലാവരും മനുഷ്യരല്ലേ, ഒരേ ചോരയല്ലേ" – ഉപ്പുകൊറ്റന്റെ ചോദ്യം ഇപ്പോഴും പ്രസക്തമാണോ? ചർച്ചചെയ്ത് കുറിപ്പ് തയാറാക്കൂ.

## കഥപറയൽ

- 'പറയിപെറ്റ പന്തിരുകുല'ത്തിലെ മറ്റംഗങ്ങളെക്കുറിച്ചുള്ള കഥകൾ വായിച്ചറിഞ്ഞ് അവതരിപ്പിക്കൂ.

# പുഞ്ച കൊയ്തേ, കളം നിറഞ്ഞേ

തിന്തിനിന്തോ താനിനാനോ
തിന്തിനിന്തോ താനിനാനോ
പുഞ്ചക്കണ്ടം നെരന്നു പെണ്ണേ
വഞ്ചി വന്നാക്കൊയ്തെടുക്കാം.



ആറ്റുവഞ്ചീ നീറ്റുവഞ്ചീ
ചുണ്ടൻവഞ്ചീ ചുരുട്ടുവഞ്ചീ
ചന്തമൊള്ള ചരുപ്പൻവഞ്ചീ
എന്റെ വഞ്ചീയെരട്ടവഞ്ചീ
പുഞ്ചയിലെ വിത്തെറിഞ്ഞേ
കളപറിച്ചേ കെളകെളച്ചേ
കെള കയിഞ്ഞേ വളമെറങ്ങ്യേ
വിത്തെറിഞ്ഞേ കളപറിച്ചേ
കതിരുവന്നേ കനവു വന്നേ
നെരനെരന്നേ കതിരു വന്നേ
കതിരു വന്നേ പയുപയുത്തേ
കൊയുതെടുത്തേ മെതികയിഞ്ഞേ
പൊലിയളന്നേ പറ നെരന്നേ
പൊലിമ വന്നേ പൊലരി വന്നേ
കിളികളെല്ലാം പറപറന്നേ
തളിരണിഞ്ഞേ മനം കുളിത്തേ
പുഞ്ചക്കണ്ടം പൊലരിക്കണ്ടം
ചന്തമുള്ള പരിപ്പൻകണ്ടം
പുഞ്ച കൊയ്തേ കരയ്ക്കടുത്തേ
കളം നെറഞ്ഞേ കതിരുകൊണ്ടേ.

**(നാടൻപാട്ട്)**

## കണ്ടെത്താം, പറയാം

- ഏതെല്ലാം തരത്തിലുള്ള വഞ്ചികളെക്കുറിച്ചാണ് പാട്ടിലുള്ളത്?
- പാട്ടിൽ നെൽക്കൃഷിയുടെ ഘട്ടങ്ങളെക്കുറിച്ചു വിശദീകരിക്കുന്ന ഭാഗം കണ്ടെത്തി ചൊല്ലി അവതരിപ്പിക്കുക.
- “തളിരണിഞ്ഞേ മനം കുളിത്തേ” - കർഷകന്റെ മനംകുളിർക്കാൻ കാരണമെന്ത്?


## വായ്ത്താരികൾ കണ്ടെത്താം

"തിന്തിനിന്തോ താനിനാനോ
തിന്തിനിന്തോ താനിനാനോ"

ഇതുപോലുള്ള വായ്ത്താരികൾ കണ്ടെത്തി സംഘമായി ആലപിക്കൂ.

* താതിനന്തോം - തിനന്തിനം താരോ (2)
* ഓ തിത്തിത്താരാ തിത്തിത്തൈ
  തിത്തൈ തക തരികിടതിമൃത
* താനാ തന തനതാനാ തനതനതാനാ
  തന തന തന്തിന്നാരോ
* 
* 

## കണ്ടെത്തി എഴുതുക

| | |
|---|---|
|  ചുണ്ടൻവഞ്ചി | അണിയത്തിന്റെ ഭാഗത്ത് ചുണ്ടുപോലെ ഉയർന്നു നിൽക്കുന്ന വഞ്ചി. |
| പുഞ്ച  | |
|  പൊലിയളക്കുക | |
| പറ  | |

## പ്രതികരണക്കുറിപ്പ്

"അധ്വാനം ആഹ്ലാദകരമായ അനുഭവമാണ് നൽകുന്നതെന്ന് ഈ നാടൻപാട്ടിലൂടെ മനസ്സിലാക്കാൻ കഴിയും."

- ഈ അഭിപ്രായത്തോട് നിങ്ങളുടെ പ്രതികരണമെന്ത്?

ചർച്ചചെയ്ത് കുറിപ്പ് തയാറാക്കൂ.

## പതിപ്പുണ്ടാക്കാം

കൃഷിപ്പാട്ടുകൾ ശേഖരിച്ച് പതിപ്പുണ്ടാക്കൂ.



# ഓണം അന്നും ഇന്നും

കർക്കടകമാസത്തിലെ തിരുവോണത്തിന്റെ പേര് 'പിള്ളേരോണം' എന്നായിരുന്നു. പൊന്നുംചിങ്ങമാസത്തിലെ തിരുവോണത്തിനു സൂക്ഷം 28 ദിവസം മുൻപാണത്. അതൊരു ചെറിയ ഓണമായിരുന്നു. പത്തെൺപതു കൊല്ലം മുൻപ് പിള്ളേരും വലിയവരും പിള്ളേരോണം കഴിഞ്ഞു ദിവസങ്ങൾ എണ്ണിനീക്കുമായിരുന്നു. ഇനിയും 20 ദിവസം, 19 ദിവസം, ഇനിയും 18 ദിവസം എന്നിങ്ങനെ ഓണത്തിലെത്താൻ ദിവസങ്ങളെണ്ണുക. എല്ലാവർക്കും ഓരോ ദിവസം കഴിയുംതോറും വെപ്രാളം കൂടിവരുകയായിരുന്നു. ഓണത്തിന് ഇനിയും 15 ദിവസമേയുള്ളൂ. എന്തെല്ലാം എടുക്കാൻ കിടക്കുന്നു. ഗൃഹനാഥന്റെ പരിഭ്രമമാണ്.

ഓണത്തിന് പ്രത്യേകം എല്ലാ വീട്ടിലും കഴിവനുസരിച്ച് നെല്ലും കരുതിവച്ചിരിക്കും. അത് പറയന്റെയും പുലയന്റെയും വീട്ടിലും കാണും. കരുതിവച്ചിട്ടില്ലാത്തവൻ കടംകൊള്ളണം. അത്തം മുതൽ കന്യകമാരുള്ള വീട്ടിൽ പൂവിടീൽ ഉണ്ട്. ആ കാലം പുഷ്പസമൃദ്ധമാണ്. ചെത്തിപ്പൂവാണ് പ്രധാനം. ദൂരെയൊക്കെ പോയി പറിച്ചുകൊണ്ടുവരും.

ചോതിയാകുമ്പോൾ ഓണത്തിനു നെല്ലുപുഴുക്കായി. ഏതോ ഒരു നാടൻപാട്ടിലെ രണ്ടു



ചോതിയാകുമ്പോൾ ഓണത്തിനു നെല്ലുപുഴുക്കായി. ഏതോ ഒരു നാടൻപാട്ടിലെ രണ്ടുവരി ഞാൻ ഇപ്പോൾ ഓർക്കുന്നു:

"അത്തപ്പത്തോണം അടുത്തല്ലോ നായരേ
ചോതി പുഴുങ്ങുവാൻ നെല്ലുതായോ."

കുടുംബത്തേക്ക് ഓണനെല്ലളക്കുക മാത്രമല്ല, വേലക്കാർക്ക് ഓണം കൊടുക്കുകയും വേണം. ആണാള്, പെണ്ണാള് എന്ന കണക്കിന് ഓണമുണ്ണാനുള്ള നെല്ലിനു പുറമേ അക്കൊല്ലത്തെ ഓണപ്പണിക്കാരൻ എന്നു വിളിക്കുന്ന സ്ഥിരം ജോലിക്കാരന് പ്രത്യേകം നെല്ലു കൊടുക്കും.

കൂട്ടത്തിൽത്തന്നെ കടമായും നെല്ലു കൊടുക്കും. പത്തുപതിനഞ്ചു കുടിവേലക്കാരുള്ള കൃഷിക്കാരന്റെ അറയിൽനിന്ന് അന്ന് കുറേയധികം നെല്ല് അളവുപോകും. ഓണപ്പണിക്ക് നെല്ലും കടവും പറ്റിക്കഴിഞ്ഞാൽ പിന്നെ അക്കൊല്ലം ആ വേലക്കാരൻ അവിടത്തെ സ്ഥിരം പണിക്കാരനാണ്.

വിശാഖം മുതൽ കച്ചവടസ്ഥലങ്ങളെല്ലാം ചരക്കുകൾകൊണ്ടു നിറഞ്ഞിരിക്കും. ലിസ്റ്റ് എഴുതിയാണ് പലവ്യഞ്ജനങ്ങൾ വാങ്ങുക. ഗൃഹനാഥന്മാർ കഴിവിനനുസരിച്ച് ആലപ്പുഴയും മറ്റും പോയാണ് ഓണച്ചരക്കു വാങ്ങുന്നത്. എന്റെ അച്ഛൻ അമ്പലപ്പുഴയിൽ നിന്നാണ് ഓണക്കോടി വാങ്ങിക്കൊണ്ടിരുന്നത്. അവിടെ പടിഞ്ഞാറേനടയിൽ ഒരു തമിഴ്ബ്രാഹ്മണന്റെ കടയുണ്ടായിരുന്നു. തകഴിക്കാർ പലരും അദ്ദേഹത്തിന്റെ പറ്റുവരവുകാരായിരുന്നു. ചരക്കിന്റെ വില മേടമാസത്തിൽ കളത്തിൽനിന്ന് നെല്ല് അളന്നുകൊടുത്താണു തീർക്കുക.

മൂലം, പൂരാടം ദിവസങ്ങൾ പച്ചക്കറി വാങ്ങാനുള്ളവയാണ്. കൃഷിക്കാരൻ സാധാരണയായി ഒരേസമയം ജന്മിയും പാട്ടക്കാരനുമായിരിക്കും. കൈയകലത്തുള്ള സ്വന്തം നിലങ്ങൾ ആരെയെങ്കിലും പാട്ടത്തിനേൽപ്പിച്ചിരിക്കും. അടുത്തുള്ള നിലങ്ങൾ പാട്ടത്തിനേറ്റുവെന്നും വരും. പാട്ടത്തിനേറ്റിട്ടുള്ള നിലങ്ങളുടെ ജന്മിക്ക് ഓണക്കാഴ്ച കൊടുക്കണം. ചേന, മത്തങ്ങ, കുമ്പളങ്ങ, ഏത്തക്കുല എന്നിവയാണ് സാധാരണ ഓണക്കാഴ്ച. നിലത്തിന്റെ വിസ്തീർണമനുസരിച്ച് ഈ ഓരോ സാധനത്തിന്റെയും എണ്ണം കൂടിയും കുറഞ്ഞുമിരിക്കും. മിക്കവാറും വീടുകളിൽ ഓണക്കാഴ്ച വരും. അവർ ഓണക്കാഴ്ച കൊടുക്കേണ്ടതായും ഉണ്ടാവും. അത് പൂരാടം, ഉത്രാടം ദിവസങ്ങളിൽ വരുമായിരുന്നു. സാധാരണ രണ്ടു ചേനയും ഒരു മത്തങ്ങയുമാണ്.





അന്നു നെല്ലുകുത്തുന്നത് പെണ്ണുങ്ങൾ ഉലക്കയും ഉരലുംകൊണ്ടാണ്. അത് ഉരപ്പുരഭാഗത്തെ ഒരുത്സവമാണ്. നിലമ്മനയിലിട്ടു നെല്ലു തൊലിക്കും (തറയിൽ നല്ല കട്ടിയിൽ ചെങ്കല്ല് ഇട്ട് ഉറപ്പിക്കുന്നതാണ് നിലമ്മന). പിന്നെ കൊഴിച്ച ഉമി പാറ്റും. അതിനുശേഷം കല്ലുരലിലോ മരഉരലിലോ ഉലക്കകൊണ്ട് അരി അവയ്ക്കും.

ഇതിൽ പല വാക്കുകളും ഇന്നത്തെ തലമുറയ്ക്കു പുത്തനായിരിക്കും. ചെറുപ്പക്കാരായ സാഹിത്യകാരന്മാർക്കുപോലും ഇതു മനസ്സിലാകില്ലായിരിക്കും. തെള്ളി തവിടും മാറ്റിക്കഴിഞ്ഞു പിന്നെയും അതു മിനുക്കിയെന്നു വരും. അതിനെല്ലാം പ്രത്യേകം ഉലക്കകളുണ്ട്. മൂന്നുനാലു ദിവസം രാപകൽ പെണ്ണുങ്ങളുടെ ജോലി ഓണനെല്ലു കുത്തുകയാണ്. അതൊരു ആഘോഷം തന്നെയാണ്.

ഉത്രാടം വെപ്രാളമാണ്. ഇടയ്ക്ക് ഒരു കാര്യം മറന്നുപോയി. ഒരുമാതിരി വീടുക

ളെല്ലാം അത്തത്തിനു മുൻപുതന്നെ തേങ്ങ ആട്ടി വെളിച്ചെണ്ണ ശേഖരിച്ചിരിക്കും. ഓരോ തേങ്ങയിടീലിലും ഓണത്തിനുവേണ്ടി നല്ല വിളഞ്ഞ തേങ്ങ തിരഞ്ഞു പ്രത്യേകം ശേഖരിച്ചിരിക്കും. അതു പൊതിച്ച് കൊപ്രയാക്കി അരിഞ്ഞ് ഉണക്കി ആട്ടി വെളിച്ചെണ്ണയാക്കും. അന്നു യന്ത്രത്തിലല്ല കൊപ്രയാട്ടുന്നത്. ഒരു കരയിൽ നാലോ അഞ്ചോ ആറോ മരച്ചക്കുകൾ കാണും. ഇതു പ്രവർത്തിപ്പിക്കുന്നത് സാധാരണ ക്രിസ്ത്യാനികളാണ്. അന്നു വീടുകളിൽ വിളക്കു കത്തിച്ചിരുന്നതു പുന്നയ്ക്കാ എണ്ണകൊണ്ടാണ്. അപ്പോൾ ചക്കും ചക്കാട്ടുന്നവരും നാട്ടിൽ ഒഴിച്ചുകൂടാൻ വയ്യാത്ത ആവശ്യങ്ങളായിരുന്നു. അവരാണ് വീടിനു വെട്ടം തരുന്നത്.

പൂരാടം, ഉത്രാടം ദിവസങ്ങളിലാണ് വറുക്കലും കരിക്കലും. നാലിനം ഉപ്പേരി, ശർക്കരപുരട്ടി എല്ലാം അന്നാണ് ഉണ്ടാക്കുന്നത്. ഉപ്പേരിയും ശർക്കരപുരട്ടിയും എല്ലാം നാട്ടിൽ വിശേഷവിഭവങ്ങളായിരുന്നു. ഇന്നത് വിശേഷവിഭവമല്ല. പായ്ക്കറ്റിൽ കടകളിൽ കിട്ടും. ചിപ്സ് എന്ന ഓമനപ്പേരിൽ. അന്നൊക്കെ ഒരിക്കലേ എന്റെ വീട്ടിൽ ഉപ്പേരി വറുക്കുമായിരുന്നുള്ളൂ. അത് ഓണത്തിനായിരുന്നു. മിക്കവാറും വീടുകളിലെ സ്ഥിതി ഇതായിരുന്നു. ഓണം കൊണ്ടാടാൻ നിവൃത്തിയില്ലാത്ത പാവപ്പെട്ടവൻ അന്ന് നിവൃത്തിയുള്ള വീടുകളിലെത്തും. അരിയോ നെല്ലോ തേങ്ങയോ അവർക്കു കൊടുക്കുകയും ചെയ്യുമായിരുന്നു. ഓണം കൈക്കൊള്ളാൻ വരുന്നവരെ ഒരിക്കലും വെറുംകൈയോടെ അയയ്ക്കുമായിരുന്നില്ല. ഇന്ന് അതുണ്ടോ? പച്ചക്കറികളുടെ കാര്യത്തിൽ അടുത്ത വീട്ടുകാരെല്ലാം പരസ്പരം സഹകരിച്ചിരിക്കും. മുരിങ്ങക്ക ആലപ്പുഴയിൽ കിട്ടാതെ വന്നാൽ അടുത്ത വീട്ടുകാർ തിരുവോണത്തിനുള്ള മുരിങ്ങക്ക തന്നെന്നിരിക്കും. പതിനെട്ടു മണി പയർ അവർക്കു കിട്ടിയില്ല. അത് ഇവിടെയുണ്ട്. കൊടുത്തുവെന്നിരിക്കും.



തീരൂ. ഉത്രാടം അസ്തമിച്ച് തിരുവോണം വെളുക്കുമ്പോഴാണ് പൂമാറ്റ്. നാടാകെ പൂമാറ്റത്തിന്റെ കുരവയും ആർപ്പുംകൊണ്ട് ശബ്ദമുഖരിതമായിരിക്കും. എന്തൊരു ആഘോഷമായിരുന്നു അത്! രാവിലെ മക്കൾക്കും അനന്തരവർക്കും എല്ലാം ഓണക്കോടി കിട്ടും. അന്നൊക്കെ സത്യത്തിൽ സദ്യയല്ല പ്രധാനം; ആഘോഷമാണ്. ഊണു കഴിഞ്ഞ് ചെറുപ്പക്കാർ കിളിത്തട്ടും കുടുകുടുവും (ഇന്നത്തെ കബഡി) തലപ്പന്തുകളിയുമൊക്കെയാണ്. തുറന്ന പറമ്പുകളിലും അമ്പലമുറ്റത്തുമെല്ലാമാണ് ആൺപിള്ളേർ കൂടുക. പെൺപിള്ളേർ തുമ്പിതുള്ളൽ തുടങ്ങിയ വിനോദങ്ങളിൽ ഏർപ്പെട്ടിരിക്കും. സ്ത്രീകൾ തിരുവാതിരക്കളിക്കാണു പോവുക. മൂന്നാം ഓണം (ചതയം) കാഴ്ചക്കാർക്കു സദ്യയാണ്.

ഓണാഘോഷത്തെക്കുറിച്ച് എല്ലാമായില്ല. ഓണം ഒരു വലിയ ആഘോഷമായിരുന്നു. ആഘോഷം മാത്രമാണോ? ഇന്ന് അതൊരു ഒഴിവുകാലമാണെന്നു തോന്നും. ഇന്ന് ഉപ്പേരിക്കും ശർക്കരപുരട്ടിക്കും സ്വാദില്ല. അവിയലും എരിശ്ശേരിയും എന്നും കഴിക്കുന്ന കറികളാണ്. പരിപ്പും നെയ്യും ഒരു വിശിഷ്ടവസ്തുവാണോ? തൈരില്ലാതെ ഉണ്ണാൻ വയ്യാത്തവർക്ക് ഓണക്കാലത്ത് തൈരിനു സ്വാദുണ്ടോ? ഇന്ന് ഓണം ഉണ്ണുന്നത് എന്നും ഉണ്ണുന്നതുപോലെതന്നെയാണ്. എല്ലാവരും ഒരു ഹോളിഡേമൂഡിലാണ്. തിരുവാതിരക്കളി വലിയ ആഡിറ്റോറിയത്തിൽ സർക്കാർ സംഘടിപ്പിക്കുന്ന ഓണാഘോഷത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞു. അങ്ങനെ അതു തിരുവാതിരക്കളി അല്ലാതെയുമായി. പെണ്ണുങ്ങൾ വേഷം കെട്ടി പൂവും ചൂടി, പൗഡറും ഇട്ടാണല്ലോ തിരുവാതിര കളിക്കാൻ പോകുന്നത്. ഓണം ഒരുപാടു മാറിപ്പോയി. അതേപ്പറ്റിയൊക്കെ എന്തു പറയാനാണ്!

**– തകഴി ശിവശങ്കരപ്പിള്ള**

## വായിക്കാം, പറയാം

- പിള്ളേരോണം മുതൽ തിരുവോണം വരെയുള്ള ദിവസങ്ങളിലെ ഒരുക്കങ്ങൾ എന്തെല്ലാം?
- കൃഷിക്കാരൻ ഒരേസമയം ജന്മിയും പാട്ടക്കാരനുമായി മാറുന്നതെങ്ങനെ?
- "വെറും സദ്യയുണ്ണൽ മാത്രമല്ല ഓണം, ഓണാഘോഷമാണ് പ്രധാനം"– എന്താകാം ഈ പ്രസ്താവനകൊണ്ട് അർഥമാക്കുന്നത്?
- "വീട്ടിൽ വെട്ടം തരുന്നവരായിരുന്നു അവർ"– ചക്കാട്ടുന്നവരെ ഇങ്ങനെ വിശേഷിപ്പിക്കാൻ കാരണമെന്ത്?

## കുറിപ്പ് തയാറാക്കാം

- 'പിള്ളേരോണ'ത്തെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് കുറിപ്പാക്കൂ.

## ചർച്ചചെയ്യാം

- "ഓണം കൈക്കൊള്ളാൻ വരുന്നവരെ വെറുംകൈയോടെ അയയ്ക്കുമായിരുന്നില്ല."
- "കൂട്ടത്തിൽത്തന്നെ കടമായും നെല്ലു കൊടുക്കും."

'എല്ലാവർക്കും ഓണം' എന്ന കാഴ്ചപ്പാടുമായി ബന്ധപ്പെടുത്തി ഈ പ്രസ്താവനകൾ ചർച്ചചെയ്യൂ.

"ഇന്ന് ഉപ്പേരിക്കും ശർക്കരപുരട്ടിക്കും സ്വാദില്ല."
-ഇങ്ങനെ പറയാൻ കാരണം എന്താവാം?

## പദപരിചയം

"ഇതിൽ പല വാക്കുകളും ഇന്നത്തെ തലമുറയ്ക്ക് പുത്തനായിരിക്കും"
ഏതെല്ലാമാണവ? കണ്ടെത്തി എഴുതുക.

## ആശയം വിശദമാക്കുക

* കരുതിവച്ചിട്ടില്ലാത്തവൻ കടം കൊള്ളണം.
* ദിവസങ്ങൾ എണ്ണിനീക്കുക.

ഇത്തരം ശൈലികളുടെ ആശയം ചർച്ചചെയ്ത് വിശദീകരിക്കുക

## വാക്യവിശകലനം

| വാക്യങ്ങൾ | കൃത്യമായ അർഥമുള്ള പദങ്ങൾ | കൃത്യമായ അർഥമില്ലാത്ത പദങ്ങൾ |
|---|---|---|
| കച്ചവടസ്ഥലങ്ങളെല്ലാം ചരക്കുകൾകൊണ്ട് നിറഞ്ഞിരിക്കും. | | |
| കൃഷിക്കാരന്റെ അറയിൽ നിന്ന് കുറേയധികം നെല്ല് അളവും പോകും. | | |

കൃത്യമായ അർഥമില്ലാത്ത ചില ശബ്ദങ്ങൾകൂടി വാക്യങ്ങളിൽ ഉള്ളതായി കണ്ടെത്തിയല്ലോ.

സ്വതന്ത്രമായി നിൽക്കുമ്പോൾ അർഥമില്ലാത്തവയാണെങ്കിലും വാക്യത്തിന്റെ അർഥപൂർണതയ്ക്ക് ഇവ ഒഴിച്ചുകൂടാൻ വയ്യാത്തവയാണ്.

ഇതുപോലുള്ള ശബ്ദങ്ങൾ കണ്ടെത്തൂ.

## പ്രസംഗം തയാറാക്കാം

ഒരു ചെടിയും നട്ടുവളർത്തീ,-
ലോണപ്പൂവെങ്ങനെ നുള്ളാൻ?
ഒരു വയലും പൂട്ടിവിതച്ചീ,-
ലോണച്ചോറെങ്ങനെയുണ്ണാൻ?
ഒരു വാഴക്കന്നും നട്ടീ,-
ലോണപ്പഴമെങ്ങനെ തിന്നാൻ?
ഒരു കഴി നൂൽപോലും നൂറ്റീ,-
ലോണത്തുണിയെങ്ങനെയണിയാൻ?
ഒരു കരളിൽ സ്നേഹം പാകീ,-
ലോണക്കളിയെന്തു കളിക്കാൻ?
ഉള്ളത്തിൽ കള്ളക്കർക്കട,-
മെങ്ങനെ പൊന്നോണം പുലരാൻ?

*(ഓണം 1987 - എൻ.വി. കൃഷ്ണവാരിയർ)*

അത്തം പുലർന്നു വിടർന്നു കാണ്മൂ
മുറ്റത്തു പൂക്കളമിട്ടിടേണ്ടേ?
മുറ്റുമാഹ്ലാദത്തിന്നോണനാളായ്
മുറ്റമില്ലാത്ത നാമെന്തു ചെയ്യും?
ഏഴുനിലയുള്ള സൗധമൊന്നിൽ
ഏഴാംനിലയിലെ വാടകക്കാർ
നാഗരികർ നാകവാസികൾ നാം
ഓണത്തെയെങ്ങനെ സ്വീകരിക്കും?

*(ഫ്ളാറ്റിലെ ഓണം - നെടുമുടി ഹരികുമാർ)*

കവിതകളിലെ ഓണവും ഓണത്തെക്കുറിച്ചുള്ള തകഴിയുടെ ഓർമ്മകളും ചർച്ചചെയ്യൂ. നിങ്ങളുടെ ഓണാനുഭവങ്ങൾകൂടി ഉൾപ്പെടുത്തി 'ഓണം അന്നും ഇന്നും' എന്ന വിഷയത്തിൽ പ്രസംഗം തയാറാക്കൂ.

## കൃതികളിലേക്ക്

- മലയാളത്തിലെ മഹാനായ നോവലിസ്റ്റും ചെറുകഥാകൃത്തുമാണ് തകഴി ശിവശങ്കരപ്പിള്ള. അദ്ദേഹത്തിന്റെ കൃതികൾ വായിച്ച് പ്രസിദ്ധമായ രണ്ടോ മൂന്നോ കഥാപാത്രങ്ങളെക്കുറിച്ച് കുറിപ്പ് തയാറാക്കുക.

## കേരളം– ഇന്നലെ, ഇന്ന്

കേരളത്തിന്റെ പണ്ടത്തെയും ഇന്നത്തെയും അവസ്ഥയെക്കുറിച്ച് ചർച്ച ചെയ്ത് കുറിപ്പ് തയാറാക്കുക.

| കേരളം– ഇന്നലെ | കേരളം– ഇന്ന് |
|---|---|
| * കൃഷിയായിരുന്നു മുഖ്യം. | * കൃഷിസ്ഥലം വളരെ കുറവ്. |
| * | * |
| * പ്രകൃതിസുന്ദരമായ ഗ്രാമങ്ങൾ. | * ജാതിയുടെയും മതത്തിന്റെയും പേരിലുള്ള അസമത്വം ഇല്ല. |
| * | * |
| * | * |
| * | * |

## ഞാൻ എന്നെക്കുറിച്ച്

താഴെ കൊടുത്തവയിൽ നിങ്ങളുടെ മികവുകൾ '✓' എന്നും കൂടുതൽ മെച്ചപ്പെടാനുള്ളത് '+' എന്നും അടയാളപ്പെടുത്തുക.

* വായ്ത്താരികളും നാടൻപാട്ടുകളും താളാനുസൃതമായി ചൊല്ലി അവതരിപ്പിക്കാനുള്ള കഴിവ്. ☐
* ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സ്വന്തം ആശയങ്ങൾ സമർഥിക്കൽ. ☐
* വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ പ്രയോഗങ്ങൾ, ശൈലികൾ എന്നിവ ഉൾപ്പെടുത്തി പ്രസംഗം തയാറാക്കൽ. ☐
* പതിപ്പിലേക്ക് ഉചിതമായ വിഭവങ്ങൾ ശേഖരിക്കൽ. ☐
* കഥാപാത്രത്തിന്റെ സവിശേഷതകൾ വിശകലനംചെയ്യൽ. ☐

എഴുത്തുകാരെ അറിയുക



# തകഴി ശിവശങ്കരപ്പിള്ള

**(1912–1999)**


മലയാളത്തിലെ പ്രസിദ്ധ നോവലിസ്റ്റും കഥാകൃത്തും. സമൂഹത്തിൽ താഴേക്കിടയിലുള്ളവരുടെ ജീവിതം പച്ചയായി ആവിഷ്കരിച്ച എഴുത്തുകാരിൽ പ്രമുഖൻ. ആലപ്പുഴജില്ലയിലെ തകഴിയിൽ ജനിച്ചു. പല നോവലുകളും ചലച്ചിത്രമായിട്ടുണ്ട്. 'ചെമ്മീൻ' എന്ന നോവൽ ഇന്ത്യയിലെയും വിദേശത്തെയും ഒട്ടുമിക്ക ഭാഷകളിലേക്കും തർജമ ചെയ്തിരിക്കുന്നു. ജ്ഞാനപീഠം, കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ്, പത്മഭൂഷൺ ബഹുമതികൾ ലഭിച്ചു.

പ്രധാന കൃതികൾ

കയർ, ചെമ്മീൻ, രണ്ടിടങ്ങഴി, ഏണിപ്പടികൾ, തോട്ടിയുടെ മകൻ, ചുക്ക്, തെണ്ടിവർഗം, അഞ്ചു പെണ്ണുങ്ങൾ, നുരയും പതയും, പെണ്ണ്, ബലൂണുകൾ, ആകാശം, അനുഭവങ്ങൾ പാളിച്ചകൾ തുടങ്ങി 34 ഓളം നോവലുകൾ. അടിയൊഴുക്കുകൾ, ഒരു കുട്ടനാടൻ കഥ, നിത്യകന്യക, ഇങ്കിലാബ്, ഘോഷയാത്ര, പ്രതിജ്ഞ, ചരിത്രസത്യങ്ങൾ, ഞാൻ പിറന്ന നാട് തുടങ്ങി 17 ഓളം കഥാസമാഹാരങ്ങൾ. അമേരിക്കൻ തിരശ്ശീല (യാത്രാവിവരണം). എന്റെ വക്കീൽ ജീവിതം, ഓർമ്മയുടെ തീരങ്ങളിൽ (ആത്മകഥകൾ).

## പദകോശം

| | |
|---|---|
| കളം | - നെല്ലുമെതിക്കുന്നതിനുള്ള സ്ഥലം |
| കള | - പാഴ്പ്പുല്ലുകൾ |
| കനവ് | - സ്വപ്നം |
| പൊലി | - നെൽക്കൂമ്പാരം, മെതിച്ചുകൂട്ടിയ നെല്ല് |
| പൊലിമ | - വർധന |
| സൂക്ഷം | - കണിശം |
| ജന്മി | - ജന്മാവകാശമുള്ളവൻ, ഭൂമി പാട്ടത്തിനു കൊടുത്തു മിച്ചവാരം വാങ്ങുന്നവൻ |
| പാട്ടക്കാരൻ | - ജന്മിയിൽനിന്ന് ഭൂമി പാട്ടത്തിനെടുത്ത് നികുതി കൊടുത്തു താമസിക്കുന്നവൻ |
| നിവൃത്തി | - തൃപ്തികരമായ അവസാനം |
| ശബ്ദമുഖരിതം | - ഒച്ചകൊണ്ടു മുഴങ്ങുന്ന |
| ചൈതന്യം | - ജീവശക്തി |
| സ്പർശം | - തൊടൽ |
| ലവണം | - ഉപ്പ് |
| ചക്രവാളം | - കണ്ണെത്തുന്നിടം, ആകാശവും ഭൂമിയും കൂട്ടിമുട്ടുന്നതായി തോന്നുന്നിടം |



**പഠനനേട്ടങ്ങൾ**

- നാടൻപാട്ടുകൾ താളത്തോടെ ഭാവാത്മകമായി പാടി അവതരിപ്പിക്കുകയും ഹൃദിസ്ഥമാക്കുകയും ചെയ്യുന്നു.
- കേട്ടതോ വായിച്ചറിഞ്ഞതോ ആയ കാര്യങ്ങൾ യുക്തിപൂർവം വിശകലനം ചെയ്ത് സ്വന്തം അഭിപ്രായങ്ങൾ വാചികമായും ലിഖിതമായും പ്രകടിപ്പിക്കുന്നു.
- സൂചകങ്ങൾ വികസിപ്പിച്ച് സ്വന്തം രചനകളും മറ്റുള്ളവരുടെ രചനകളും വിലയിരുത്തുന്നു.
- ഗദ്യപാഠങ്ങളിലെ ആശയങ്ങൾ ഉൾക്കൊണ്ട് ഒഴുക്കോടും ഉച്ചാരണശുദ്ധിയോടും കൂടി വായിക്കുന്നു.
- സന്ദർഭത്തിനനുസരിച്ച് ശേഖരണം നടത്തി പതിപ്പുകൾ, പത്രികകൾ എന്നിവ തയാറാക്കുന്നു.
- കഥാപാത്രങ്ങളുടെ മാനസികാവസ്ഥയും കഥയിലെ സ്ഥാനവും കണ്ടെത്തി പറഞ്ഞും എഴുതിയും കഥാപാത്രനിരൂപണം നടത്തുന്നു.
- പദങ്ങൾ, പ്രയോഗങ്ങൾ, ചൊല്ലുകൾ, ശൈലികൾ തുടങ്ങിയവ ഉൾപ്പെടുത്തി സന്ദർഭാനുസരണം സംസാരിക്കുകയും സ്വന്തം രചനകളിൽ അവ ഔചിത്യപൂർവം ഉപയോഗിക്കുകയും ചെയ്യുന്നു.



3

# സ്വാതന്ത്ര്യം തന്നെ ജീവിതം



# സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ്

"സ്വാതന്ത്ര്യം നമ്മുടെ ജന്മാവകാശമാണ്. നമുക്കത് വേണം. അതു കൊതിക്കുന്ന ആത്മാവ് എന്നിൽ സചേതനമായിരിക്കെ, എനിക്കു വാർധക്യം ഏശില്ല. അത് അമരമാണ്. കാറ്റിന് അതിനെ പറത്തിക്കളയാനാവില്ല; ആയുധങ്ങൾക്ക് മുറിക്കാനാവില്ല; അഗ്നിക്കു ചാരമാക്കാനാവില്ല."

**- ബാലഗംഗാധരതിലക്**

(1917 ൽ ചെയ്ത ഒരു പ്രസംഗത്തിൽനിന്ന്)

ബാലഗംഗാധരതിലകിന്റെ ഈ വാക്യങ്ങളുടെ പ്രസക്തി എന്താണ്? ചർച്ചചെയ്യൂ.

# ബാലലീല

പമ്പരം പാവയും പോരാതായ് തെല്ലുമി-
ങ്ങമ്പരപ്പേകാതായോലപ്പാമ്പും.
അമ്മതൻ പൂഞ്ചേലത്തുമ്പിനിക്കൈവിട്ടു
നമ്മൾക്കെൻ തോഴരേ, പോയ്ക്കളിക്കാം.
ചീറുന്നു, കാറ്റടിഞ്ഞേറുന്നു കാറുകൾ;
ചാറുന്നു, പെയ്യുന്നു കാലവർഷം
ഇമ്മഴവെള്ളത്തിൽപ്പുൽകളാൽ നിർമ്മിച്ച
നമ്മൾതൻ വഞ്ചികൾ ചാഞ്ചാടട്ടേ,
ഒപ്പമീ നീർക്കുത്തിലോടിയും വീണും പേർ-
ത്തൊച്ചയിട്ടാവൂ നാം വീണ്ടും വീണ്ടും.
ഇക്കൊടുങ്കാറ്റൊലി നമ്മൾതന്നാർപ്പാലാ-
ണുൽക്കടമാവതെന്നാരറിയും?
ഓതുന്നു വൃദ്ധന്മാർ: "ചേറ്റിൽക്കളിക്കായ്വിൻ
പൈതങ്ങ"; ളർഥമില്ലമ്മൊഴിയിൽ.
ഇച്ഛയാ നമ്മൾക്കു കൂത്താടാനല്ലെങ്കി-
ലിച്ചളിയുണ്ടായതെന്തിനാവോ?
നാമലർച്ചാർത്തറുത്തന്യോന്യമർച്ചിപ്പൂ;
മാമരമേറുന്നു കൂസലെന്യേ.
മാമ്പഴമെന്നോണം പുത്തിലഞ്ഞിക്കായും
മാധുര്യമുള്ളൊന്നേ നാം പറിച്ചാൽ!

– ബാലാമണിയമ്മ



## കണ്ടെത്താം, പറയാം

- അമ്മയുടെ സമീപത്തുനിന്നു ദൂരെപ്പോയി കളിക്കണം എന്ന് കുട്ടി ആഗ്രഹിക്കുന്നത് എപ്പോഴാണ്?
- ഇലഞ്ഞിക്കായയ്ക്ക് മാമ്പഴത്തിന്റെ മാധുര്യം അനുഭവപ്പെടുന്നതിന്റെ കാരണം എന്തായിരിക്കാം?

## കാവ്യഭംഗി

- "ചീറുന്നു, കാറ്റടിഞ്ഞേറുന്നു കാറുകൾ
  ചാറുന്നു, പെയ്യുന്നു കാലവർഷം"

വരികളുടെ ആകർഷകത്വത്തിന് കാരണമെന്ത്? ഇതുപോലുള്ള വരികൾ കണ്ടെത്തി അവതരിപ്പിക്കൂ.

## ചൊല്ലാം, രസിക്കാം

- കുട്ടികൾ മഴവെള്ളത്തിൽ കളിക്കുന്നതു വർണിച്ചിരിക്കുന്ന ഭാഗം കണ്ടെത്തി വായിച്ച് അവതരിപ്പിക്കൂ.

## താളവ്യത്യാസം കണ്ടെത്താം

- * പമ്പരം പാവയും പോരാതായ്, തെല്ലുമി-
    ങ്ങമ്പരപ്പേകാതായോലപ്പാമ്പും.
  * പാലാഴിത്തൂവെള്ളം തൂകുന്നപോലെ നൽ-
    പ്രാലേയം തൂകിത്തുടങ്ങീതെങ്ങും
  * കൊല്ലുന്ന ചൂടിനാൽ മാമരം വേവുന്നു
    പുല്ലിന്റെ കാരിയമെന്തുചൊൽവാൻ
  * തോളത്തു കനം തൂങ്ങും വണ്ടിതൻ തണ്ടുംപേറി
    കാളകൾ മന്ദംമന്ദമിഴഞ്ഞു നീങ്ങീടുന്നു

## വിശകലനം ചെയ്യുക

- ഈ കവിത സ്വാതന്ത്ര്യത്തിന്റെ മാധുര്യത്തെയാണു വർണിക്കുന്നത്.
  - ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ?

  കവിതാഭാഗം വിശകലനം ചെയ്ത് കുറിപ്പു തയാറാക്കുക.



# അജയ്യതയുടെ പ്രതീകം

നേരം പുലർന്നു. സമയം ആറുമണി.

തലേന്നു സന്ധ്യമുതൽ അനുസ്യൂതം തുടർന്നുവരുന്ന പ്രാർഥനാഗാനങ്ങളുടെ ലോലമായ ഈണം അപ്പോഴും ധാരമുറിയാതെ തുടരുന്നു.

സമയം ആറര, ഗാന്ധിജി യാത്രയ്ക്കുള്ള ഒരുക്കവുമായി ആശ്രമത്തിന്റെ മുൻവാതിൽക്കൽ പ്രത്യക്ഷപ്പെട്ടു. വലതുകൈയിൽ സന്തതസഹചാരിയായ മുളവടി. ഇടതുകൈയിൽ ഒരു കൊച്ചുഭാണ്ഡം, ഉടുവസ്ത്രമായി സുപരിചിതമായ ഒറ്റമുണ്ട്, ചുണ്ടിൽ നനുത്ത പുഞ്ചിരി, കണ്ണുകളിൽ ദൃഢനിശ്ചയത്തിന്റെ ജ്വലനം.

കൂടിനിന്നവർ ജയാരവം മുഴക്കി:

“മഹാത്മാഗാന്ധി കി ജെയ്!”

ഗാന്ധിജി പുഞ്ചിരിച്ചുകൊണ്ടുതന്നെ അവരോട് ശാന്തരായിരിക്കാൻ ആംഗ്യം കാട്ടി.

വീണ്ടും ആശ്രമപരിസരത്തിൽ നിശ്ശബ്ദത കളിയാടി,

ഗാന്ധിജി സൗമ്യമായ സ്വരത്തിൽ മൊഴിഞ്ഞു:

"ഒന്നുകിൽ ലക്ഷ്യം പൂകി ഞാൻ തിരിച്ചുവരും. അല്ലെങ്കിൽ എന്റെ ജഡം കടലിൽ പൊങ്ങിക്കിടക്കുന്നതു നിങ്ങൾ കാണും."

നനവാർന്ന കണ്ണുകളോടെ ജനങ്ങൾ ഗാന്ധിജിക്ക് യാത്ര നൽകി. സമരത്തിൽ പങ്കെടുക്കാനുള്ള എഴുപത്തൊമ്പത് സന്നദ്ധഭടന്മാരെയാണ് ഒപ്പം കൊണ്ടുപോയിരുന്നതെങ്കിലും അറ്റം കാണാത്ത ഒരു ജനപ്രവാഹമാണ് ദണ്ഡിവരെ സത്യഗ്രഹികളെ അനുയാത്ര ചെയ്തത്.

മുൻകൂട്ടി പരിപാടിയിട്ട വഴിയിലൂടെയായിരുന്നു യാത്ര. ഗാന്ധിജിയുടെ സമാഗമമറിയിച്ചുകൊണ്ട് വല്ലഭ്ഭായി പട്ടേലിന്റെ നേതൃത്വത്തിൽ ഉച്ചഭാഷിണിയുമായി ഒരു സംഘം മുന്നിൽ നടന്നിരുന്നു. അതുകാരണം വഴി നീളെ അഭൂതപൂർവമായ ജനക്കൂട്ടം സ്വീകരിക്കാനും യാത്രയയക്കാനും തയാറായി നിൽക്കുകയായിരുന്നു. അവർ നടന്നുപോകുന്ന വഴികളിൽ ഗ്രാമീണർ പൂക്കൾ വർഷിച്ചു, പച്ചിലമെത്ത വിരിച്ചു, ദീപം കൊളുത്തി, പൂജാദ്രവ്യങ്ങൾ നിരത്തി, തോരണങ്ങൾ തൂക്കി, വാദ്യം മുഴക്കി, ശംഖനാദമുയർത്തി.

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നു തിരഞ്ഞെടുക്കപ്പെട്ടവരായിരുന്നു സത്യഗ്രഹികൾ. വിവിധ പ്രായത്തിലുള്ളവർ. നിരക്ഷരരും വിദ്യാസമ്പന്നരും. നിർധനരും സമ്പന്നരും. ഹിന്ദുവും മുസ്ലിമും



ക്രിസ്ത്യനും ശിഖനും മറ്റു മതസ്ഥരും. ഗാന്ധിജിയുടെ കുടുംബത്തിൽനിന്ന് മകൻ മണിലാലും പൗത്രൻ കാന്തിലാലും. ഏറ്റവും പ്രായം കൂടിയ സത്യഗ്രഹി ഗാന്ധിജിതന്നെ. അറുപത്തിയൊന്നു വയസ്സ്. വയസ്സു കുറഞ്ഞ കാന്തിലാലിനു പ്രായം പതിനെട്ട്.

കാണാൻ ചെന്നവരിൽ പലർക്കും തിരക്കുമൂലം വൃക്ഷക്കൊമ്പുകളിലും കെട്ടിടങ്ങളുടെ മട്ടുപ്പാവുകളിലും സ്ഥാനം തേടേണ്ടിവന്നു.

ഇരുപത്തിനാലു ദിവസത്തെ യാത്രയ്ക്കുശേഷം ഏപ്രിൽ അഞ്ചിന് പ്രഭാതത്തിലാണ് ഗാന്ധിജിയും അനുയാത്രികരും ദണ്ഡിയിലെത്തിയത്. അടുത്തദിവസം ഉപ്പുവാരി നിയമം ലംഘിക്കാനാണു തീരുമാനിച്ചത്. ഏപ്രിൽ ആറു മുതൽ പതിമൂന്നു വരെയുള്ള ദിവസങ്ങൾ അക്കാലത്ത് ദേശീയ ദുഃഖാചരണവാരമായി ആചരിക്കാറുണ്ടായിരുന്നു, ജാലിയൻവാലാബാഗിലെ ക്രൂരമായ നരഹത്യയെ അനുസ്മരിച്ചുകൊണ്ട്.

ഏപ്രിൽ ആറ് രാവിലെ ആറു മണി. ഉപ്പുനിയമം ലംഘിക്കുന്ന ഒന്നാമത്തെ സത്യഗ്രഹഭടൻ എന്ന നിലയിൽ ഗാന്ധിജി തീരംവിട്ട് കടലിലിറങ്ങി. അയ്യായിരത്തിൽപ്പരം ആളുകളുടെ കണ്ഠങ്ങളിൽനിന്നു ജയഘോഷം മുഴങ്ങി. അരയോളം വെള്ളത്തിൽ തിരമാലകൾ മുറിച്ചു കടലിലേക്ക് നീങ്ങിച്ചെന്ന ആ സത്യഗ്രഹഭടൻ സമുദ്രസ്നാനം ചെയ്തു ദേഹശുദ്ധിവരുത്തി. തുടർന്ന് കരയിലേക്കു നടന്നുചെന്ന് കടൽത്തീരത്തിന് ലോലമായ ആവരണമായി നിലകൊള്ളുന്ന ഉപ്പുതരികൾ ഒരുപിടി വാരിയെടുത്തു.

അപ്പോൾ മുദ്രാവാക്യം നിർത്തി ജനങ്ങൾ വീർപ്പടക്കി നിന്നു.

ഉപ്പുവാരിയെടുത്ത വലംകൈമുഷ്ടി ആകാശത്തേക്ക് ഉയർത്തിപ്പിടിച്ചുകൊണ്ട് ഗാന്ധിജി അപ്പോൾ ദൃഢസ്വരത്തിൽ പ്രഖ്യാപിച്ചു:

"അഹിംസാവ്രതക്കാരനായ സത്യഗ്രഹിയുടെ മുഷ്ടിക്കുള്ളിലെ ഈ ഒരുപിടി ഉപ്പ് ശക്തിയുടെ പ്രതീകമാണ്. ഉപ്പ് പിടിച്ചിരിക്കുന്ന ഈ മുഷ്ടി തകർത്തേക്കാം. എന്നിരുന്നാലും ഇത്, ഈ ഉപ്പ് വിട്ടുകൊടുക്കുകയില്ല."



ഗാന്ധിജിയുടെ വാക്കുകൾ പാഴ്‌വാക്കുകളായില്ല. കൈപ്പത്തിക്കുള്ളിലെ ഒരുപിടി ഉപ്പ് സംരക്ഷിക്കാൻവേണ്ടി അഭിമാനിയായ ഇന്ത്യക്കാരൻ പോലീസിനു തച്ചുതകർക്കാൻ തലമണ്ട നീട്ടിക്കൊടുത്തു. വെടിവയ്ക്കാൻ വിരിമാറ് കാട്ടി. മർദ്ദനമേറ്റു ബോധമില്ലാതെ നിലംപതിക്കുമ്പോഴും ഉപ്പിൻതരികൾ ചിതറിപ്പോകാതിരിക്കാൻ മുഷ്ടി നെഞ്ചോടമർത്തിപ്പിടിച്ചു. സ്വാതന്ത്ര്യസമരഭടന്റെ മുഷ്ടിക്കുള്ളിലെ ഉപ്പ് അജയ്യതയുടെ പ്രതീകമായി മാറി.

**(നാം ചങ്ങല പൊട്ടിച്ച കഥ) – കെ. തായാട്ട്**

## വാങ്മയചിത്രം

- യാത്രയ്ക്ക് ഒരുങ്ങിയ ഗാന്ധിജിയുടെ വാങ്മയചിത്രം പാഠഭാഗത്തുനിന്ന് കണ്ടെത്തി സ്വന്തം വാക്യത്തിൽ അവതരിപ്പിക്കുക.

## വായിക്കാം, പറയാം

- യാത്രാസംഘത്തെ ഗ്രാമീണർ എങ്ങനെയാണു വരവേറ്റത്?
- "സ്വാതന്ത്ര്യസമരഭടന്റെ മുഷ്ടിക്കുള്ളിലെ ഉപ്പ് അജയ്യതയുടെ പ്രതീകമായി മാറി" – എങ്ങനെ?

## നിശ്ചലദൃശ്യം

- ദണ്ഡിയാത്രയുടെ നിശ്ചലദൃശ്യം സംഘങ്ങളായി അവതരിപ്പിക്കുക.
  പരസ്പരം വിലയിരുത്തുമല്ലോ.

## വേർതിരിച്ചെഴുതാം

- ജയഘോഷം – ജയത്തിന്റെ ഘോഷം
  സത്യഗ്രഹം –
  രക്തസാക്ഷിദിനം –
  ദേശാഭിമാനി –
  ദൃഢനിശ്ചയം –

## ലഘുനാടകരചന

- ഉപ്പുസത്യഗ്രഹത്തിലെ സംഭവങ്ങൾ ഉൾപ്പെടുത്തി ലഘുനാടകം രചിക്കുക. ക്ലാസിൽ ചെറുസംഘങ്ങളായി അവതരിപ്പിക്കുകയും ചെയ്യുമല്ലോ.

## കുറിപ്പ് തയാറാക്കാം

- "ഉപ്പുസത്യഗ്രഹത്തിന് കേരളത്തിൽ നേതൃത്വം നൽകിയിരുന്നത് കേളപ്പജിയായിരുന്നു. കേരളഗാന്ധി എന്ന അപരനാമത്തിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. ദണ്ഡിയാത്രയുടെ മാതൃകയിലാണ് കേളപ്പജി സത്യഗ്രഹത്തിന് നേതൃത്വം നൽകിയത്."

  *(നാം ചങ്ങല പൊട്ടിച്ച കഥ)*



പയ്യന്നൂരിൽ കേളപ്പജിയുടെ നേതൃത്വത്തിൽ നടന്ന ഉപ്പുസത്യഗ്രഹത്തെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് ഒരു കുറിപ്പ് തയാറാക്കുക.




# തള്ളവിരലില്ലാത്ത ഗ്രാമം

ഗോവർധൻ ഗ്രാമത്തിലെത്തിയപ്പോഴേക്കും വെയിൽ നന്നായി ചാഞ്ഞുകഴിഞ്ഞിരുന്നു. എല്ലായിടത്തും എന്തോ ആപത്തുവന്നതുപോലെ ബഹളം. ബസാറിൽ, മനുഷ്യർ ധൃതിപിടിച്ച് കടകൾ അടയ്ക്കുകയും വിൽക്കാൻ വച്ചിരുന്ന സാധനങ്ങൾ വാരിക്കൂട്ടി ഓടുകയും ചെയ്തു. കൊണ്ടുപോകാൻ കഴിയാത്ത അരിയുടെയും ഗോതമ്പിന്റെയും കൂമ്പാരങ്ങളുടെ മീതെക്കൂടി മനുഷ്യർ ചവിട്ടിയോടി. വീടുകളിൽനിന്ന് സ്ത്രീകൾ കുട്ടികളെ വിളിക്കുന്നതിന്റെയും വാതിലുകൾ അടയ്ക്കുന്നതിന്റെയും ശബ്ദം.

ചുഴലിക്കാറ്റ് വരുകയാണോ, അതോ ഏതെങ്കിലും സൈന്യം ആക്രമിക്കാനെത്തുകയോ? ഗോവർധന് ഒന്നും മനസ്സിലായില്ല. ആരും അയാളോട് സംസാരിക്കുവാൻ തയാറായില്ല. ഒടുവിൽ സഹികെട്ട് അയാൾ ഓടുന്ന ഒരാളെ കൈയിൽ പിടിച്ചുനിർത്തി. അയാളുടെ കൈയിലും തള്ളവിരൽ ഇല്ലായിരുന്നു. ഗോവർധന്റെ കൈയിൽ തള്ളവിരൽ ഉണ്ടെന്നത് ആ മനുഷ്യനെയും അതുപോലെ ഞെട്ടിച്ചതായിത്തോന്നി. ഓടിപ്പോകുന്നതിനുമുമ്പ് അയാൾ ഇത്ര മാത്രമേ പറഞ്ഞുള്ളൂ: "ഓടിക്കോ!"

നദീതീരത്തായിരുന്നു ചന്ത. നദിയിൽക്കൂടി ചില വഞ്ചികൾ കടവിന്റെ നേരെ വരുന്നത് അയാൾ കണ്ടു. അവയിൽ കമ്പനിയുടെ കൊടികൾ പറക്കുന്നുണ്ടായിരുന്നു. ചിലത് കാലിയായിരുന്നു. ചിലതിൽ നിറയെ ചരക്കും. ആളുകൾ എന്തിനാണ് ഓടിയതെന്ന് ഗോവർധനു മനസ്സിലായി. കമ്പനി ഓഫീസർമാരും ഗുമസ്തന്മാരും ദല്ലാളുകളും കച്ചവടത്തിനു വരുകയാണ്. അവരുടെ ചരക്കുകൾ നാട്ടുകാർക്കു വിൽക്കാനും നാട്ടുകാരുടേത് വാങ്ങുവാനും.



പിൻപുറത്തുനിന്ന് തുറന്ന ഒരു വാതിൽ കണ്ട്, ഗോവർധൻ ആ വീടിനകത്തേക്കു കയറി. അതിനകത്തുണ്ടായിരുന്ന സ്ത്രീ ആദ്യം ഭയന്നുവെങ്കിലും പിന്നീട് അയാളെ വിളിച്ചിരുത്തി. അവളുടെ കുട്ടികൾ അയാൾക്ക് കുടിക്കുവാൻ വെള്ളം കൊണ്ടുവന്നു കൊടുത്തു- തള്ളവിരലുകൾ ഇല്ലാത്ത കൈകൾകൊണ്ട്.

പതുക്കെപ്പതുക്കെ പേടിപ്പിക്കുന്ന ആ വൈകൃതത്തിനോട് ഗോവർധൻ ഒത്തുതീർപ്പിലെത്തി, അയാളുടെ കൂടെയുണ്ടായിരുന്ന കുരുടനായ പൂച്ചയോടെന്നപോലെ.

"നിരുപദ്രവികളായ ജന്തുക്കളെ അന്ധരാക്കുന്നത് കുട്ടികളുടെ വിനോദവും കുട്ടികളെ പീഡിപ്പിക്കുന്നത് മുതിർന്നവരുടെ സ്വഭാവവും ആയിട്ടുള്ള ഒരു പട്ടണത്തിൽനിന്നാണ് ഞാൻ വരുന്നത്"- ഗോവർധൻ സ്ത്രീയോടു പറഞ്ഞു.

"അങ്ങനെയുള്ള ഒരു ഗ്രാമത്തിൽ അഭയം തേടുക അസാധ്യമായിരുന്നു. അതുകൊണ്ട് എന്റെ പിറകെയുള്ള പോലീസിനു മുമ്പേ ഓടുകയാണ് ഭേദമെന്ന് ഞാൻ വിചാരിച്ചു."

"ഇവിടെയുള്ളവരും നിങ്ങൾക്ക് അഭയം തരില്ല." സ്ത്രീ പറഞ്ഞു- "ഞങ്ങളെത്തന്നെ രക്ഷിക്കുവാൻ കഴിയാത്തവർ ഞങ്ങൾ."

"അതെ, കൂടാതെ ഞാൻ തള്ളവിരലുകളുള്ള ഒരുവനും."

ഗോവർധൻ അവൾ നൽകിയ ചപ്പാത്തിയിൽനിന്ന് ഒരു കഷണം പൂച്ചയ്ക്ക് കൊടുത്തു. ബാക്കി അയാൾ ഉള്ളി കടിച്ചുകൂട്ടി തിന്നു. തിന്നുന്നതിനിടയ്ക്ക് അയാൾ പറഞ്ഞു:

"എനിക്കൊരു ജ്യേഷ്ഠനുണ്ടായിരുന്നു, പണ്ട്. അയാളുടെ രണ്ട് കൈകളിലും ആറു വിരലുകൾ വീതമുണ്ടായിരുന്നു; അയാൾ ചെയ്യുന്ന ഒരു കൃത്യത്തിലും പങ്കുചേരാത്ത വിരലുകൾ. ആ വിരലുകളിൽ തട്ടിയാണ് ഞാൻ അയാളുടെ പിന്നാലെ നടക്കാറ്. ഇവിടെയാകട്ടെ, എല്ലാവർക്കും നാലു വിരലുകളേയുള്ളൂ."

"ഞങ്ങളും അഞ്ചു വിരലുകളോടുകൂടിത്തന്നെയാണ് ജനിച്ചത്. ഒരു വിരൽ ഞങ്ങൾ മുറിച്ചുകളഞ്ഞു." ആ കഥ അവൾ വിവരിച്ചു:

"ജാതിയിൽ നെയ്ത്തുകാരായിരുന്നു ഞങ്ങൾ. കമ്പനിയുടെ ഓഫീസർമാരും ഗുമസ്തന്മാരും വന്ന് ഇടയ്ക്കിടെ ഞങ്ങളുടെ ഗ്രാമത്തിൽ തമ്പടിക്കും. തമ്പടിച്ച് അവർ കച്ചേരി വിളിച്ചുകൂട്ടും. ഞങ്ങൾ നെയ്ത്തുകാരെക്കൊണ്ട് അവർ നിശ്ചയിച്ച വിലയ്ക്ക് പട്ടു നെയ്തു

കൊടുക്കാനുള്ള കരാറുകളിൽ ഒപ്പിടുവിക്കും. കരാറനുസരിച്ച് നെയ്തുകൊടുത്തില്ലെങ്കിൽ മുക്കാലിയിൽ കെട്ടി ചാകും വരെ അടിക്കും. അതിൽ നിന്ന് രക്ഷപ്പെടുവാനായി ഞങ്ങൾ തള്ളവിരൽ മുറിച്ച് നദിയിലെറിഞ്ഞ്, നെയ്ത്ത് ഉപേക്ഷിച്ചു. കുട്ടികളുടെ തള്ളവിരൽ മുറിച്ച് ഗംഗാജിക്ക് എറിഞ്ഞുകൊടുക്കുക ഞങ്ങളുടെ ഒരു ആചാരമായി... പക്ഷേ, മുക്കാലികൾ ഞങ്ങളെ വിട്ടില്ല. നെയ്ത്തുപേക്ഷിച്ച് കൃഷിചെയ്യാനും മീൻപിടിക്കാനും ഞങ്ങൾ തുടങ്ങിയപ്പോൾ ഞങ്ങളുടെ അരിയും ചണയും മീനും വാങ്ങുവാൻ കമ്പനിക്കാർ വന്നു. അവർ കൊണ്ടുവന്ന ഉപ്പും പുകയിലയും കറുപ്പും ഞങ്ങൾ വാങ്ങണം. വാങ്ങുന്ന സാധനങ്ങൾക്കും വിൽക്കുന്ന സാധനങ്ങൾക്കും അവർ തന്നെ വില നിശ്ചയിക്കുന്നു. സമ്മതിച്ചില്ലെങ്കിൽ..."

"ഞാൻ വരും വഴിക്ക് ഒരാളെ കണ്ടു. ചതഞ്ഞ മാംസം പോലെയായ അയാൾ വഴിയിൽ വീണു മരിച്ചു."


സ്ത്രീ കുറച്ചുനേരം മിണ്ടാതിരുന്നു. പിന്നീട് പെട്ടെന്നു പൊട്ടിക്കരഞ്ഞു. അകലെയിരുന്ന് ചപ്പാത്തി തിന്നുകയായിരുന്ന രണ്ടു കുട്ടികളും ചപ്പാത്തി നിലത്തിട്ട് ഓടിവന്ന് അവളെ കെട്ടിപ്പിടിച്ചു.

അവളുടെ വസ്ത്രങ്ങൾ വെളുത്തതാണെന്ന് ഗോവർധൻ അപ്പോഴാണ് ശ്രദ്ധിച്ചത്; അവളുടെ കൈകളിൽ വളകളില്ലെന്നും. കമ്പനിക്കാർ പ്രഹരിക്കാനായി ഒരാളെ പിടിച്ചുകൊണ്ടുപോയാൽ അയാൾ സാധാരണ മടങ്ങി വരാറില്ല. അയാൾ മരിച്ചതായാണ് കണക്കാക്കപ്പെടുക. അവശേഷിച്ച വിരലുകളിൽ ജീവിതം ഒതുക്കി ഗ്രാമം മുന്നോട്ടുപോയി.

"വരും വഴികളിൽ നിങ്ങൾ ഒരു മുക്കാലിയേ കണ്ടുള്ളൂ. നാളെ പോകുമ്പോൾ നിങ്ങൾ എത്രയോ കണ്ടേക്കും. ഇന്ന് രാത്രി എത്ര സ്ത്രീകളാണ് വിധവകളാകാൻ പോകുന്നത്!" പിന്നീട്, അവൾ നിസ്സംഗതയോടെ പറഞ്ഞു.

രാത്രി വൈകും വരെ ബസാറിൽനിന്ന് അലർച്ചകളും നിലവിളികളും ഉയർന്നുകൊണ്ടിരുന്നു. കമ്പനിയുടെ ഗുമസ്തന്മാരും ദല്ലാൾമാരും കടകൾ തുറപ്പിക്കുകയും വ്യാപാരം അടിച്ചേൽപ്പിക്കുകയുമായിരുന്നു. പിന്നെപ്പിന്നെ ശബ്ദങ്ങൾ ഒതുങ്ങി. മുക്കാലികളുടെ രാത്രി തുടങ്ങി.

മണ്ണുകൊണ്ടുണ്ടാക്കിയ ആ വീടിന്റെ ഒറ്റമുറിയുടെ ഒരു കോണിൽ ഇന്നലെ മുക്കാലിയിൽ മരിച്ച മനുഷ്യന്റെ ഭാര്യയും കുട്ടികളും പരസ്പരം കെട്ടിപ്പിടിച്ചു കിടന്നു. മറ്റേ മൂലയിൽ ഗോവർധനും അയാളുടെ കൂട്ടുകാരൻ കുരുടൻ പൂച്ചയും. രാത്രിയുടെ നേരിയ തണുപ്പ് ആ നിരപരാധികളുടെ



ദുരിതങ്ങൾക്കു മീതേക്കൂടി, അവരെ തണുപ്പിക്കാനായി ശ്രമിച്ചുകൊണ്ട് ഇഴഞ്ഞു നടന്നു. പുറത്ത്, സാമ്രാജ്യങ്ങൾ പണിയുന്നവരുടെ ബഹളം തെല്ലൊന്ന് ഒതുങ്ങിയപ്പോൾ വൈകിയ യാമങ്ങളിൽ എപ്പോഴോ ഉറക്കം അവരേയും അനുഗ്രഹിച്ചു.

വെളിച്ചമായപ്പോൾ തള്ളവിരലുകളില്ലാത്ത ആ ഗ്രാമം വീണ്ടും ശാന്തമായിരുന്നു. കടവിൽനിന്ന് ചരക്കുവഞ്ചികൾ പോയിക്കഴിഞ്ഞിരുന്നു.

**(ഗോവർധന്റെ യാത്രകൾ)** **– ആനന്ദ്**

## വായിക്കാം, പറയാം

- ഗ്രാമത്തിലെത്തിയ ഗോവർധൻ കണ്ട കാഴ്ചകൾ എന്തെല്ലാമായിരുന്നു?
- ജനങ്ങൾ ധൃതിപിടിച്ച് ഓടിപ്പോകാൻ കാരണമെന്ത്?
- ജനങ്ങളുടെ തള്ളവിരലുകൾ നഷ്ടപ്പെട്ട കഥ കണ്ടെത്തി അവതരിപ്പിക്കൂ.

## വാക്യഭംഗി

- * "രാത്രിയുടെ നേരിയ തണുപ്പ് ആ നിരപരാധികളുടെ ദുരിതങ്ങൾക്കു മീതെക്കൂടി, അവരെ തണുപ്പിക്കാനായി ശ്രമിച്ചുകൊണ്ട് ഇഴഞ്ഞു നടന്നു."
  * "അവശേഷിച്ച വിരലുകളിൽ ജീവിതം ഒതുക്കി ഗ്രാമം മുന്നോട്ടുപോയി."

  ഈ വാക്യങ്ങളെ ആകർഷകമാക്കുന്ന ഘടകങ്ങൾ എന്തെല്ലാം? ചർച്ചചെയ്യൂ.

## അഭിപ്രായക്കുറിപ്പ്

- "ഭർത്താവ് നഷ്ടപ്പെട്ടതിന്റെ കൊടിയ ദുഃഖത്തിലും നിരാശയിലുമാണെങ്കിലും വീട്ടിലെത്തിയ അപരിചിതന് അഭയം നൽകുന്ന സ്ത്രീ മനുഷ്യനന്മയുടെ ഉത്തമ മാതൃകയാണ്."

  ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ?
  എന്തുകൊണ്ട്? കുറിപ്പ് തയാറാക്കുക.

## പ്രശ്നോത്തരി

- സ്വാതന്ത്ര്യസമരം പ്രമേയമായ കഥകൾ, കവിതകൾ, ചൊല്ലുകൾ, സംഭവങ്ങൾ, മഹദ്വചനങ്ങൾ എന്നിവ ഉൾപ്പെടുത്തി സംഘങ്ങളിൽ ചോദ്യാവലി തയാറാക്കൂ; പ്രശ്നോത്തരി സംഘടിപ്പിക്കൂ.

## ഞാൻ എന്നെക്കുറിച്ച്

താഴെ പറയുന്നവയിൽ എന്റെ മികവ് എത്രത്തോളം?

| | പൂർണമായി | ഭാഗികമായി | അൽപ്പം മാത്രം |
|---|---|---|---|
| * കവിതാഭാഗങ്ങൾ ആശയവും ഭാവവും ഉൾക്കൊണ്ട് ഈണത്തിൽ ചൊല്ലി അവതരിപ്പിക്കുന്നതിൽ. | | | |
| * കവിതയുടെ ആസ്വാദനക്കുറിപ്പ് തയാറാക്കുന്നതിൽ. | | | |
| * ചർച്ചകളിൽ പങ്കെടുത്ത് സ്വന്തം അഭിപ്രായം യുക്തിയോടെ അവതരിപ്പിക്കുന്നതിൽ. | | | |
| * പാഠഭാഗത്തെ സംഭവത്തെ ലഘുനാടകമാക്കി മാറ്റി എഴുതുന്നതിൽ. | | | |
| * സംഘപ്രവർത്തനങ്ങളിൽ എന്റെ പങ്കാളിത്തം. | | | |






## ബാലാമണിയമ്മ (1909–2006)

മാതൃത്വം തുളുമ്പുന്ന ലളിതസുന്ദരമായ കാവ്യശൈലികൊണ്ട് മലയാളത്തെ സമ്പന്നമാക്കിയ കവയിത്രി. പ്രശസ്തകവി നാലപ്പാട്ട് നാരായണമേനോന്റെ മരുമകളും പ്രസിദ്ധ എഴുത്തുകാരി മാധവിക്കുട്ടിയുടെ അമ്മയുമാണ്. തൃശൂർജില്ലയിലെ പുന്നയൂർകുളത്ത് ജനിച്ചു. കേന്ദ്ര–കേരള സാഹിത്യ അക്കാദമി അവാർഡുകൾ, സരസ്വതിസമ്മാൻ എന്നിവ ലഭിച്ചിട്ടുണ്ട്. സോപാനം, മുത്തശ്ശി, മഴുവിന്റെ കഥ, അമ്മ, കുടുംബിനി, ലോകാന്തരങ്ങളിൽ എന്നീ കവിതാസമാഹാരങ്ങളാണ് പ്രധാന കൃതികൾ.



## കെ. തായാട്ട് (1927–2011)

കുഞ്ഞനന്തൻ തായാട്ട് എന്നാണ് യഥാർഥനാമം. നാടകകൃത്ത്, കഥാകൃത്ത്, ബാലസാഹിത്യകാരൻ എന്നീ നിലകളിൽ പ്രസിദ്ധൻ. കണ്ണൂർ ജില്ലയിലെ പാനൂരാണ് സ്വദേശം. അധ്യാപകർക്കുള്ള ദേശീയ അവാർഡ് ജേതാവാണ്. നാം ചങ്ങല പൊട്ടിച്ച കഥ, ജനുവരി മുപ്പത് എന്നീ ചരിത്രാഖ്യായികകൾക്കും പുത്തൻകനി, നീലക്കണ്ണുകൾ എന്നീ കഥാസമാഹാരങ്ങൾക്കും പുറമെ നിരവധി ബാലസാഹിത്യ കൃതികളും വിവർത്തനങ്ങളും അദ്ദേഹത്തിന്റേതായുണ്ട്.



## ആനന്ദ്

മനുഷ്യാനുഭവങ്ങളുടെ വ്യത്യസ്ത മേഖലകളിലൂടെ സഞ്ചരിച്ച എഴുത്തുകാരൻ. പി. സച്ചിദാനന്ദൻ എന്നാണ് യഥാർഥനാമം. 1936ൽ തൃശൂർജില്ലയിലെ ഇരിങ്ങാലക്കുടയിൽ ജനിച്ചു. കേന്ദ്ര–കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. ആൾക്കൂട്ടം, മരണസർട്ടിഫിക്കറ്റ്, ഉത്തരായനം, മരുഭൂമികൾ ഉണ്ടാകുന്നത്, ഗോവർധന്റെ യാത്രകൾ, അഭയാർഥികൾ, വ്യാസനും വിഘ്നേശ്വരനും, അപഹരിക്കപ്പെട്ട ദൈവങ്ങൾ, വിഭജനങ്ങൾ, പരിണാമത്തിന്റെ ഭൂതങ്ങൾ, ദ്വീപുകളും തീരങ്ങളും എന്നീ നോവലുകളും ഒടിയുന്ന കുരിശ്, ഇര, വീടും തടവും, സംവാദം, അശാന്തം, നാലാമത്തെ ആണി, സംഹാരത്തിന്റെ പുസ്തകം, ചരിത്രകാണ്ഡം എന്നീ കഥാസമാഹാരങ്ങളും ശവഘോഷയാത്ര, മുക്തിപഥം എന്നീ നാടകങ്ങളും ഇടവേളകളിൽ എന്ന ലേഖനസമാഹാരവുമാണ് പ്രധാന കൃതികൾ.

## പദകോശം

| | |
|---|---|
| ഒലി | - ശബ്ദം |
| ഉൽക്കടം | - വർധിച്ച |
| അനുസ്യൂതം | - തുടർച്ചയായ |
| സന്തതസഹചാരി | - എപ്പോഴും കൂടെ നടക്കുന്നവൻ |
| ദൃഢനിശ്ചയം | - ഉറച്ച തീരുമാനം |
| സത്യഗ്രഹം | - സത്യത്തെ ഉൾക്കൊള്ളൽ, ഒരു സമരരീതി |
| അനുയാത്ര | - കൂടെ യാത്രചെയ്യൽ |
| സമാഗമം | - കൂടിക്കാഴ്ച, ഒത്തുചേരൽ |
| അഭൂതപൂർവം | - മുമ്പുണ്ടായിട്ടില്ലാത്തത് |
| നാദം | - ശബ്ദം |
| നരഹത്യ | - മനുഷ്യനെ കൊല്ലൽ |
| പ്രതീകം | - അടയാളം |
| അജയ്യത | - ജയിക്കപ്പെടാൻ കഴിയാതിരിക്കൽ |
| സന്നാഹം | - ഒരുക്കം |
| വിനയാന്വിതൻ | - വിനയത്തോടുകൂടിയവൻ |
| നാടകീയം | - നാടകത്തിലെപ്പോലെ |
| ഗുമസ്തൻ | - കണക്കപ്പിള്ള |
| ദല്ലാൾ | - ഇടനിലക്കാരൻ |
| വൈകൃതം | - വികൃതമാക്കപ്പെട്ടത് |
| നിരുപദ്രവികൾ | - ഉപദ്രവം ചെയ്യാത്തവർ |
| തമ്പടിക്കുക | - കൂടാരമുണ്ടാക്കി താമസിക്കൽ |
| പ്രഹരിക്കുക | - അടിക്കുക |
| നിസ്സംഗത | - ഒന്നിനോടും ചേരാത്ത അവസ്ഥ |



**പഠനനേട്ടങ്ങൾ**

- കവിതയുടെ ആശയം, ഭാവം എന്നിവ ഉൾക്കൊണ്ട് ഹൃദിസ്ഥമാക്കി ഉചിതമായ ഈണത്തിൽ ആലപിക്കുന്നു.
- ഗദ്യഭാഗങ്ങൾ ആശയവ്യക്തതയോടെയും ഉച്ചാരണശുദ്ധിയോടെയും ഒഴുക്കോടെയും വായിച്ചവതരിപ്പിക്കുന്നു.
- ആശയങ്ങൾ വിശകലനം ചെയ്ത് സ്വന്തം അഭിപ്രായങ്ങൾ യുക്തിയോടെ എഴുതി അവതരിപ്പിക്കുന്നു.
- നോവൽഭാഗം വായിച്ച് സംഭവങ്ങളുടെ വൈകാരികത ഉൾക്കൊണ്ട് കുറിപ്പ് തയാറാക്കുന്നു.
- വായിച്ച രചനകളിലെ ആശയം, സംഭവം എന്നിവ മനസ്സിലാക്കി വ്യത്യസ്ത രൂപങ്ങളിൽ രചിക്കുകയും അവതരിപ്പിക്കുകയും (നിശ്ചലദൃശ്യം, ലഘുനാടകം) ചെയ്യുന്നു.
- പുസ്തകങ്ങൾ, ആനുകാലികങ്ങൾ എന്നിവയിൽനിന്ന് ശേഖരിച്ച വിവരങ്ങൾ ക്രോഡീകരിച്ച് പ്രശ്നോത്തരിക്കുള്ള ചോദ്യാവലി, ലഘുകുറിപ്പ് എന്നിവ തയാറാക്കുന്നു.